R.V.S.M HIGHER SECONDARY SCHOOL

ESTD: 1917

# ആർ.വി.എസ്.എം.
# ഹയർ സെക്കന്ററി സ്കൂൾ

## പ്രയാർ




## ആകാദമിക് മാസ്റ്റർ പ്ലാൻ
## 2025–26

# ഉള്ളടക്കം

1. ആമുഖം

2. സ്കൂൾ ചരിത്രം

3. സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാ വിശകലനം

5. പ്രശ്നങ്ങൾ, വെല്ലുവിളികൾ

6. പദ്ധതി രൂപീകരണ പ്രക്രിയ

7. വിഷയമേഖല – പ്രവർത്തനങ്ങൾ

8. ഉപസംഹാരം

# ആമുഖം

കേരള സംസ്ഥാന സർക്കാരിന്റെ നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള ബൃഹസംരഭമായ നവകേരളമിഷന്റെ പ്രാഥമവും പ്രധാനവുമായ ബഹുജന പരിപാടിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിന് എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയത്തിൽ എത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് നമ്മുടെ വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തെതുടർന്ന് ഗുണമേന്മ ലക്ഷ്യം വെച്ചുള്ള അടിസ്ഥാന സൗകര്യ വികസനവും അധ്യാപക പരിശീലന പരിപാടിയും നടന്നു. പാഠ്യപദ്ധതിയിലെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാനുഷ്ഠിതവും പ്രക്രിയാബന്ധിതവുമാക്കി കാലോചിതമാക്കുന്നതിനുള്ള പരിശ്രമവും നടത്തി. വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്ര സ്ഥാനത്ത് കുട്ടിയെ നിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിഞ്ഞു.

വ്യത്യസ്ഥമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള ശാരീരികവും, മാനസികവും, ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ വിഭാഗത്തിലുമുൾപ്പട്ടവർക്ക് പഠന നേട്ടം ഉണ്ടാക്കുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ മേഖലകളിലും കൂടുതൽ സൂക്ഷമവും ശാസ്ത്രീയവുമായി നിലപാടുകൾ സ്വീകരിക്കുകയായിരിക്കണം നമ്മുടെ എപ്പോഴത്തേയും കാഴ്ചപ്പാടെന്ന് എൻ.സി.എഫ് 2005 സൂചിപ്പിക്കുന്നു. കാലോചിതമായി പാഠ്യപദ്ധതി നവീകരണം നടത്തി കൊണ്ടിരിക്കുകയും സംവിധാനത്തെ പ്രവർത്തന നിരതമാക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂവെന്ന് ഇത് കാണിക്കുന്നു. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. ഇത്തരത്തിലുള്ള വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ദേശീയ വിദ്യാഭ്യാസ പദ്ധതിയും കേരള വിദ്യാഭ്യാസ പദ്ധതിയും പ്രവർത്തിക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളം ഇതിന് തുടക്കം കുറിച്ചിരിക്കുകയാണ്.

മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിനുവേണ്ടി ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മയുള്ള വിദ്യാലയ വികസന പദ്ധതി രൂപീകരിക്കുവാൻ ഞങ്ങൾ തീരുമാനമെടുത്തു. വിദ്യാലയത്തിന്റെ മികവ് അക്കാദമിക മികവ് എന്ന ആശയത്തിലേക്ക് നയിക്കുന്നതിനുവേണ്ടി വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ വികസനം സാധ്യമാക്കുന്നതിന് സഹായിക്കുന്ന ഒരു കർമ്മ പദ്ധതിക്കാണ് രൂപം കൊടുത്തത്. ഇത്തരത്തിൽ ഒരു കർമ്മപദ്ധതി നടപ്പിലാക്കാൻ സമൂഹത്തിന്റെ വിവിധ മേഖലയിലെ പിന്തുണ സംവിധാനങ്ങളുടെ സഹായം തേടേണ്ടതുണ്ട്. പൂർവ്വ അദ്ധ്യാപക-അനദ്ധ്യാപകർ , പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപക-അനദ്ധ്യാപകർ, സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ - സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹായ സഹകരണങ്ങൾ ഇത്തരത്തിലുള്ള ഒരു കർമ്മ പദ്ധതിക്ക് അനിവാര്യമാണ്. സമഗ്രവിദ്യാലയ

വികസനത്തിനുവേണ്ടി 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന ഒരു കർമ്മ പദ്ധതിക്ക് മുകളിൽ പറഞ്ഞവരുടെ സഹായത്തോടുകൂടി ഒരു വിദ്യാലയ വികസന രേഖയ്ക്ക് അതായത് നമ്മുടെ സ്കൂളിന്റെ അക്കാദമിക പ്ലാനിന് രൂപം നൽകി.

## ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസം കാര്യക്ഷമമാകുന്നതോടുകൂടി ഇതുവരെ ഉണ്ടായിരുന്ന പഠനബോധന മാർഗ്ഗത്തെ പാടെ തകർത്തെറിയുന്ന തരത്തിലുള്ള ഒരു സമീപനം സൃഷ്ടിക്കൽ ശിശുകേന്ദ്രീകൃതമായ പഠനം നടത്തുന്നതോടുകൂടി വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലെത്തുന്നു. കാർഷിക സംസ്കാരത്തിലധിഷ്ഠിതമായി സംസ്കാര സമ്പന്നമായ ഒരു ജനസമൂഹത്തെ വാർത്തെടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ നേട്ടം.

1. അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജമാക്കൽ
2. ഡിജിറ്റൽ കോൺഫറൻസ് ഹാൾ സജ്ജമാക്കൽ
3. മൾട്ടിമീഡിയ സൗകര്യമുള്ള 2 മിനി സെമിനാർ ഹാളുകൾ സജ്ജമാക്കൽ
4. പൊതു ശൗചാലയങ്ങൾ- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ശൗചാലയങ്ങൾ, കുളിമുറികൾ സജ്ജമാക്കൽ
5. മാലിന്യ സംസ്കരണം- പ്രതിദിനം 100 കി.ഗ്രാം ഖരമാലിന്യങ്ങൾ സംസ്കരിക്കുവാൻ കഴിയുന്ന ഇൻസിനറേറ്റർ സ്ഥാപിക്കൽ
6. ലൈബ്രറി ശാക്തീകരിക്കൽ
7. പാരമ്പരേതര ഊർജ്ജസ്രോതസ്സ് സജ്ജമാക്കൽ (സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ)
8. ഐ.റ്റി. ലാബ് ആധുനികവൽക്കരിക്കൽ
9. നിതാന്ത ജാഗ്രതയ്ക്ക് സ്ഥാപിച്ചിട്ടുള്ള ക്യാമറയ്ക്ക് വലിയ മോണിട്ടറുകൾ ലഭ്യമാക്കൽ
10. അക്കാദമിക് ബ്ലോക്കുകൾ, ലബോറട്ടറി ബ്ലോക്കുകൾ, ലൈബ്രറി ബ്ലോക്കുകൾ എന്നിവ പുതുതായി നിർമ്മിക്കൽ
11. കേരളാ ബ്ലാസ്റ്റേഴ്സ് എഫ്.സി., കേരള ഫുഡ്ബോൾ അസോസിയേഷൻ, സ്റ്റോർലൈൻ സ്പോർട്സ് മാനേജ്മെന്റ് ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടെ മൂന്നുവർഷം നീണ്ടുനിൽക്കുന്ന ഫുഡ്ബോൾ കോച്ചിംഗ് ക്യാമ്പ് 2018 ഏപ്രിൽ 1 മുതൽ പ്രവർത്തനം ആരംഭിക്കൽ.
12. സ്കൂൾ ബാന്റ് ട്രൂപ്പ് കാര്യക്ഷമമാക്കൽ
13. നിലവിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
14. ആധുനിക പാചകപ്പുരയും ഭോജനശാലയും നിർമ്മിക്കൽ

15. കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ

16. കൂടുതൽ ബസ് വാങ്ങി കുട്ടികൾക്ക് യാത്രാസൗകര്യം വർദ്ധിപ്പിക്കൽ

17. ജൈവ വൈവിദ്ധ്യ പാർക്ക് സ്ഥാപിക്കൽ

18. ഔഷധോദ്യാനം തയ്യാറാക്കൽ

19. മഴക്കുഴി, മഴവെള്ള സംഭരണി നിർമ്മിക്കൽ

20. സൈക്കിളും വാഹനവും പാർക്ക് ചെയ്യാനുള്ള സൗകര്യമൊരുക്കൽ

21. നീന്തൽ പഠിക്കാനുള്ള സൗകര്യമൊരുക്കൽ

22. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കൽ

23. കുട്ടിൾക്ക് സ്വന്തമായി കൃഷിചെയ്യാനുള്ള സൗകര്യമൊരുക്കൽ

24. പുതിയതായി സാഹിത്യസമാജം ക്ലബ്ബ്, ഫിലിം ക്ലബ്ബ് ഇവ രൂപീകരിക്കും

25. Atal Tinkering Lab സജ്ജമാക്കൽ

26. സ്കൂൾ ആഫീസ് നവീകരിക്കൽ

27. പെൺകുട്ടികൾക്കായി കൂടുതൽ സൗകര്യമുള്ള ഇൻസിനറേറ്റേഴ്സ് സ്ഥാപിക്കൽ

# സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കേയറ്റത്ത് കാർഷിക മേഖലയായ ഓണാട്ടുകരയുടെ നെറുകയിൽ വിജ്ഞാനത്തിന്റെ പ്രഭാപൂരം തലമുറകൾക്ക് പകർന്നുകൊടുക്കുന്ന ഒരു അക്ഷയദീപ്തിയായി തലയുയർത്തിനില്ക്കുന്ന ഓച്ചിറ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂൾ 1917ൽ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഷഷ്ഠബ്ദ്യപൂർത്തി സ്മാരകമായി സ്ഥാപിച്ചതാണ്. പുതുപ്പള്ളിയിലും പ്രാന്തപ്രദേശങ്ങളിലും ഉള്ളവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നതിന് സൗകര്യമില്ലാതിരുന്ന ഒരു കാലത്ത് ആകെ ഉണ്ടായിരുന്നത് കായംകുളം ഗവ: ഹൈസ്കൂളായിരുന്നു. യാത്രാസൗകര്യം നന്നേ കുറവായിരുന്ന ആ സമയത്ത് മൈലുകൾ കടന്ന് അവിടെപ്പോയി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുവാൻ വിദ്യാർത്ഥികൾ നന്നേ ക്ലേശിക്കേണ്ടിവന്നു. ഈ ബുദ്ധിമുട്ട് നേരിട്ട് ബോധ്യപ്പെട്ടതിന്റെ ഫലമായി പുതുപ്പള്ളിയിലെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരപ്രമാണികളായ "ത്രിമൂർത്തികൾ" എന്നറിയപ്പെട്ടിരുന്ന വല്ലാറ്റൂർ പി.കെ. ഗോപാലപിള്ളയും മഞ്ഞാട എൻ. ശങ്കരക്കുറുപ്പും അമ്പിഴേത്ത് എൻ. കേശവക്കുറുപ്പും മറ്റനവധി വ്യക്തികളും ചേർന്ന് താൽക്കാലിക ഷെഡ്ഡിൽ സ്കൂൾ സ്ഥാപിച്ചു. 1950ൽ ഹൈസ്കൂളായും 2000ൽ ഹയർസെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ട ആർ.വി.എസ്. എം. എച്ച്.എസ്.എസ്. ഇന്ന് ശതാബ്ദി പൂർത്തിയാക്കിയിരിക്കുന്നു. ട്രാവൻകൂർ കമ്പനീസ് ആക്ട് പ്രകാരം 1948ൽ സ്ഥാപിതമായ വിദ്യാപ്രചരണം പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് സ്കൂളിന്റെ മാനേജ്മെന്റ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാത്രമാണ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യം.

കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ സ്കൂളിൽനിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ പലരും ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ ഉന്നതസ്ഥാനത്തെത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമരസേനാനിയും വിപ്ലവകാരിയുമായിരുന്ന ശ്രീ. പുതുപ്പള്ളി രാഘവൻ, സാഹിത്യനിരൂപകൻ പ്രൊഫ. ഗുപ്തൻനായർ, ആദ്യ നിയമസഭ ഡെപ്പ്യൂട്ടി സ്പീക്കർ കെ.ഒ. ഐഷ ബായി, മുൻ ധനകാര്യമന്ത്രി എം.കെ.ഹേമചന്ദ്രൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, മുൻ ഡി.ജി.പി. അബ്ദുൽ സത്താർകുഞ്ഞ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ശ്രീ. കനകചന്ദ്രൻ, ഡിസ്ട്രിക്ട് ജഡ്ജി ശ്രീ. മുരളീധരൻ, സെവൻ ആർട്സ് വിജയകുമാർ, ഭാവചിത്ര ജയകുമാർ, ഓച്ചിറ സ്റ്റാർ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. അഹമ്മദ് കുഞ്ഞ്, പ്രശസ്തനായ ഛായാഗ്രാഹകൻ ശ്രീ.കെ.പി. നമ്പ്യാതിരി, ഇന്ത്യൻ റെയിൽവേയുടെ ആദ്യത്തെ വനിതാ സ്റ്റേഷൻ മാസ്റ്റർ പാർവ്വതി തുടങ്ങി പൂർവ്വ വിദ്യാർത്ഥികളുടെ ഒരു നീണ്ട നിരതന്നെയുണ്ട് അഭിമാനപുരസ്സരം ഈ സ്കൂളിന് ചൂണ്ടിക്കാണിക്കുവാൻ.

യശ്ശശരീരരായ അഡ്വ: പി.എൻ. രാഘവൻപിള്ള, എൻ. ശങ്കരക്കുറുപ്പ്, കുഞ്ചുനായർ, കെ. പത്മനാഭൻനായർ എന്നിവരും സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോ അംഗം എസ്. രാമചന്ദ്രൻപിള്ള, കേരളാ യൂണിവേഴ്സിറ്റി പോളിറ്റിക്സ് വിഭാഗം മുൻ മേധാവി ഡോ. കെ. രാമൻപിള്ള, എ. ജയന്തകുമാർ, പന്തളം എൻ.എസ്.എസ്. കോളേജിൽനിന്നും വിരമിച്ച

പ്രൊഫ. കെ. കൃഷ്ണപിള്ള തുടങ്ങിയവരും കാലാകാലങ്ങളിൽ സ്കൂളിന്റെ മാനേജർമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഡോ. പി. ബാലചന്ദ്രനാണ് ഇപ്പോഴത്തെ സ്കൂളിന്റെ മാനേജർ. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മാനേജ്മെന്റും പി.ടി.എ.യും ചേർന്ന് സ്കൂളിനെ ഹൈ-ടെക് തലത്തിൽ ഉയർത്താൻ കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ലോവർപ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി തലങ്ങളിലായി 2500 വിദ്യാർത്ഥികളും അവർക്ക് അക്ഷരവെളിച്ചം പകർന്നുനൽകുന്ന 120 അധ്യാപകരും അനധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. ഹയർസെക്കന്ററി വിഭാഗം പ്രിൻസിപ്പാളായി ശ്രീമതി ബീന ഭാസ്കരനും ഹൈസ്കൂൾ വിഭാഗം ഹെഡ്മിസ്ട്രസായി ശ്രീമതി ആർ. ജയശ്രീയും സേവനം അനുഷ്ഠിച്ചുവരുന്നു.

സ്കൂളിന്റെ എല്ലാപ്രവർത്തനങ്ങൾക്കും ക്രിയാത്മകമായ നിർദ്ദേശങ്ങളും പിൻതുണയും നൽകുന്ന ശക്തമായ ഒരു പി.റ്റി.എ. സ്കൂളിൽ നിലനിൽക്കുന്നു. നിലവിൽ ശ്രീ. എം. അബ്ദുൽ വാഹിദ് പ്രസിഡന്റും ശ്രീ. ജി. സന്തോഷ്കുമാർ വൈസ് പ്രസിഡന്റുമാണ്.

| സ്കൂൾ വിവരങ്ങൾ | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ആർ.വി.എസ്.എം. ഹയർസെക്കന്ററി സ്കൂൾ |
| മേൽവിലാസം | - | പ്രയാർ പി.ഒ., ഓച്ചിറ |
| പിൻകോഡ് | - | 690 547 |
| ഫോൺ നമ്പർ | - | 0476- 2690440 |
| ഇ- മെയിൽ അഡ്രസ്സ് | - | rvsmprayar@gmail.com |
| വെബ്സൈറ്റ് (ഉണ്ടെങ്കിൽ) | - | www.rvsm.edu.in |
| ഹെഡ്മിസ്ട്രസ്സ് | - | ആർ. ജയശ്രീ |
| മൊബൈൽ നമ്പർ | - | 9446150722 |
| വില്ലേജ് | - | പുതുപ്പള്ളി |
| പഞ്ചായത്ത് | - | ദേവികുളങ്ങര |
| ബ്ലോക്ക് | - | മുതുകുളം |
| താലൂക്ക് | - | കാർത്തികപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | - | മാവേലിക്കര |
| വിദ്യാഭ്യാസ ഉപജില്ല | - | കായംകുളം |
| സ്കൂൾ സ്ഥാപിച്ച വർഷം | - | 1917 |
| നിയമസഭാ നിയോജകമണ്ഡലം | - | കായംകുളം |
| പാർലമെന്റ് നിയോജകമണ്ഡലം | - | ആലപ്പുഴ |
| വാർഡ് നമ്പർ | - | 6 |
| വാർഡ് മെമ്പർ | - | പി. സ്വാമിനാഥൻ |
| ബ്ലോക്ക് മെമ്പർ | - | വയലിൽ നൗഷാദ് |
| ജില്ലാ പഞ്ചായത്ത് മെമ്പർ | - | ബിബിൻ സി. ബാബു |
| റവന്യൂ ജില്ല | - | ആലപ്പുഴ |
| യൂണിഫോം സ്കൂൾ കോഡ് | - | 36056 |
| മാനേജ്മെന്റ് | - | എയ്ഡഡ് |
| ക്ലാസ്സുകൾ | - | 5 മുതൽ 12 വരെ |
| പഠനമാധ്യമം | - | മലയാളം, ഇംഗ്ലീഷ് |
| വിദ്യാർത്ഥികളുടെ എണ്ണം | - | 1106 |

## സ്കൂൾമികവിന്റെ കാഴ്ചപ്പാട്

സ്കൂൾ വികസന സമിതിയുടെ കണ്ടെത്തലുകളിൽ വികസനം ആദ്യമുണ്ടാകേണ്ടത് ഭൗതികസാഹചര്യങ്ങളിലാണ്. വിദ്യാലയത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ എണ്ണത്തിന്റെ ആനുപാതികമായി ടോയ്‌ലറ്റുകൾ, പെൺകുട്ടികൾക്ക് ഫ്രെൺഡ്‌ലി ടോയ്‌ലറ്റുകൾ, ഇ-ടോയ്‌ലറ്റുകൾ എന്നിവ കുറേക്കൂടി ഉണ്ടാവേണ്ടതുണ്ട്.

സ്കൂൾ പരിസരത്തുള്ള പേപ്പർ, പ്ലാസ്റ്റിക്, ഭക്ഷണാവശിഷ്ടങ്ങൾ ഇവ തരം തിരിച്ച് നിർമ്മാർജ്ജനം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള അത്യാധുനിക സംവിധാനങ്ങൾ സ്കൂളിൽ കൂടുതലായി ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ആയതിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാവേണ്ടതുണ്ട്. വിദ്യാലയത്തിന്റെ ശുചിത്വപരിപാലനത്തിന് കുട്ടികളിൽ ശുചിത്വ ബോധം വളർത്തിയെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത് കുറേക്കൂടി മെച്ചപ്പെടുത്തണം. പഠനസമയം നഷ്ടപ്പെടുത്താത്ത രീതിയിൽ സ്കൂളിന് പുറത്തുവച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ കഴിയും.

കല, കായികം തുടങ്ങിയ മേഖലകളിൽ എല്ലാകുട്ടികളും പങ്കെടുക്കുന്നു. സ്കൂൾതലത്തിൽ കുട്ടികളുടെ അഭിരുചിക്ക് അനുസൃതമായി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സാമഗ്രികൾ ആവശ്യമുണ്ട്. ഇതിനായി അധ്യാപകരും രക്ഷിതാക്കളും ഇടപെടലുകൾ നടത്തി കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതുണ്ട്. കല മെച്ചപ്പെടുത്തുവാൻ അതിനായി പ്രത്യേക ക്ലാസ്സ്മുറികൾ ഉണ്ടാവേണ്ടതും അത്യന്താധുനിക സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. കായികമായി മികവ് തെളിയിക്കുന്നതിനുവേണ്ടി കളിസ്ഥലം ഒരുക്കേണ്ടതുണ്ട്. ഓരോ കുട്ടികളുടേയും അഭിരുചിക്ക് അനുസൃതമായി കളികളിൽ ഏർപ്പെടുന്നതിന് അനുസരിച്ചുള്ള കളിസ്ഥലമാണ് ഒരുങ്ങേണ്ടത്. അതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വായന അനിവാര്യമാണ്. വായനയുടെ ലോകത്തുനിന്ന് കുട്ടികൾ അകന്നുപോകുന്നുവെന്ന് സമിതി കണ്ടെത്തി, ആയതിന്റെ പശ്ചാത്തലത്തിൽ മെച്ചപ്പെട്ട ലൈബ്രറി സംവിധാനം ഉണ്ടാകേണ്ടതുണ്ട്. നിലവിലുള്ള ലൈബ്രറി സംവിധാനം പരിഷ്കരിച്ച് കുട്ടികളുടെ അഭിരുചികൾക്ക് അനുസരിച്ച് പുസ്തകങ്ങൾ നൽകേണ്ടത് വായനയുടെ ലോകത്തേക്ക് കുട്ടികളെ ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ ലൈബ്രറിയുടെ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. ഓരോ വിഭാഗത്തിലുമുള്ള പുസ്തകങ്ങൾ പ്രത്യേകം ശേഖരിച്ച് അലമാരകളിൽ സൂക്ഷിക്കുകയും കുട്ടികൾക്ക് ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. വായനാമുറിയും ആവശ്യമാണ്. പഴയകാലങ്ങളിലേപ്പോലെ വിഷരഹിത കാർഷിക ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ പാകത്തിൽ കുട്ടികളെ തയ്യാറാക്കുവാൻ കാർഷിക വകുപ്പിൽനിന്നുള്ള സൗകര്യങ്ങളും സഹായങ്ങളും ആവശ്യമുണ്ട്.

വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ എല്ലാ വിഷയങ്ങളിലും മാറ്റം സംഭവിക്കേണ്ടതുണ്ട്. വിവര സാങ്കേതിക മേഖലകളിൽ കുട്ടികളുടെ താൽപ്പര്യം കണക്കാക്കി മെച്ചപ്പെടുത്തലുകൾ അനിവാര്യമാകേണ്ടതുണ്ട്.

## ഭാഷകൾ

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി തുടങ്ങിയ ഭാഷയുടെ വികസനത്തിന് അത്യന്താധുനിക ക്ലാസ്സുമുറികളാണ് ഉണ്ടാവേണ്ടത്. ഭാഷയുടെ വ്യത്യസ്ത തലത്തിലുള്ള മാറ്റം ഉൾക്കൊള്ളാൻ കണ്ടുംകേട്ടും ആസ്വദിച്ചും മികവ് വരുത്തുവാൻ കഴിയുന്നതാണ്. ആയതിനാൽ എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട് ക്ലാസ്സ്റൂം ആകേണ്ടതുണ്ട്.

## സോഷ്യൽ സയൻസ്

ഹൈടെക് സംവിധാനങ്ങൾ ക്ലാസ്സ്മുറികളിൽ ലഭിക്കുന്നതോടുകൂടി പരിസ്ഥിതി, കാലാവസ്ഥ, പ്രകൃതിക്ഷോഭങ്ങൾ, പ്രാദേശികമായ വ്യത്യാസങ്ങൾ, പ്രാചീന സംസ്ക്കാരം, ആധുനിക സംസ്ക്കാരം തുടങ്ങിയ വ്യത്യസ്ത അറിവുകൾ നേടുന്നതിന് ഉതകുന്നതരത്തിലുള്ള പഠനപ്രക്രിയയാണ് നടക്കേണ്ടത്. കുട്ടികളുടെ മനസ്സിൽ കണ്ടുംകേട്ടും ഉൾക്കൊണ്ടും ലഭിക്കുന്ന അറിവുകൾ എക്കാലവും നിലനിൽക്കുന്നതാണ്. സോഷ്യൽ സയൻസ് ലാബ് പ്രകൃതിയുടെ വ്യത്യസ്ത ഭാവങ്ങൾ ചിത്രീകരിക്കുന്ന സി.ഡി.കൾ തുടങ്ങിയവ സ്കൂളിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സോഷ്യൽ സയൻസ് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതുണ്ട്.

## സയൻസ്

വരുംകാലഘട്ടങ്ങളിലെ ശാസ്ത്രലോകത്ത് യുവപ്രതിഭകൾ ആകേണ്ടവർക്ക് അനുയോജ്യമായ ലാബ് സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. അനുനിമിഷം ലോകത്ത് സംഭവിക്കുന്ന മാറ്റങ്ങൾ കുട്ടികൾ അറിയേണ്ടതുണ്ട്. അതിനുതകുന്ന തരത്തിലുള്ള ഹൈടെക് സംവിധാനങ്ങൾ സ്കൂളിൽ സജ്ജമാക്കേണ്ടത് അനിവാര്യമാണ്. ബയോളജി, ഫിസിക്സ്, കെമിസ്ട്രി ഈ വിഷയങ്ങൾക്ക് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പ്രത്യേക ലാബുകളും കുട്ടികളുടെ താല്പര്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കാനുള്ള സാഹചര്യം സ്കൂളിൽ ലഭ്യമാക്കണം. അതിന് അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹകരണം അത്യാവശ്യമാണ്. ഭാവിയിലെ യുവപ്രതിഭകൾ തങ്ങളുടെ കഴിവ് പ്രകടിപ്പിക്കുവാൻ ഉതകും വിധം എല്ലാ സൗകര്യങ്ങളും സ്കൂളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. സയൻസ് ക്ലബ്ബുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.

## കണക്ക്

കുട്ടികൾ എന്നും ഏറ്റവും വിഷമകരമായി കാണുന്ന വിഷയമായ കണക്ക് കുട്ടികളുടെ നിലവാരത്തിനനുസരിച്ച് അധ്യാപകരുടെ പഠനപ്രക്രിയയിൽ മാറ്റംവരുത്തി മികച്ച നിലയിൽ കുട്ടികളെ എത്തിക്കുവാൻ ഉതകുന്ന ഹൈടെക് വിദ്യകൊണ്ട് സാധിക്കും. കണക്ക് ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട്ക്ലാസ്സ് റൂമുകൾ ആകുകയും സ്കൂൾ പൂർണ്ണമായും ഹൈടെക് സംവിധാനത്തിൽ എത്തുന്നതോടു കൂടി അക്ഷരാർത്ഥത്തിൽ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്ന ഈ യജ്ഞം ഫലപ്രാപ്തിയിൽ എത്തിക്കുവാൻ കഴിയും. കുറഞ്ഞ സമയംകൊണ്ട് ശ്രേഷ്ഠരായ യുവപ്രതിഭകളെ വാർത്തെ ടുക്കുവാൻ കഴിയുന്നതാണ്. അതിനായി എല്ലാ പിന്തുണയും എന്റെ വിദ്യാലയത്തിന് ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലം

5 മുതൽ 12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കാൻ നിലവിലെ ഭൗതിക-സാമൂഹിക-സാമ്പത്തിക അവസ്ഥയ്ക്ക് മറ്റംവരണം. നമ്മുടെ വിദ്യാലയം നിലനിൽക്കുന്നത് ഗ്രാമപ്രദേശത്ത് ആയതുകൊണ്ട് സാമൂഹികവും സാമ്പത്തികമായ ചുറ്റുപാടുകൾ തികച്ചും ശോചനീയമാണ്. ഈ അവസ്ഥകൾക്ക് മാറ്റം വരുത്തുക എന്നത് അത്ര പെട്ടെന്ന് സാധ്യമാവുകയില്ല. ഇന്നത്തെ അവസ്ഥയിൽ വിദ്യാലയങ്ങൾ അറിവിന്റെ ഉറവിടങ്ങൾ തന്നെയാണ്. പഴയകാല വിദ്യാലയങ്ങളെ അപേക്ഷിച്ച് വ്യത്യസ്ഥ തരത്തിലുള്ള സംഘടനകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഇടപെടൽ കാരണം വിദ്യാലയങ്ങളിൽ ഭൗതികസാഹചര്യം മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ മെച്ചപ്പെടൽ കൊണ്ട് ഇന്ന് നാം നേരിടുന്ന വെല്ലുവിളികളെ മറികടക്കാൻ കഴിയില്ല. അതിലേക്ക് സഹായകമായി വർത്തിക്കുന്ന എല്ലാ സമിതികളുടേയും പ്രവർത്തനം ഏകോപിച്ചാൽ മാത്രമേ ഈ യജ്ഞം പൂർണ്ണമായ തലത്തിൽ എത്തിക്കാൻ സാധിക്കൂ.

ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകണമെങ്കിൽ അധ്യാപകർ മുതൽ വിദ്യാർത്ഥികളിൽ വരെ മാറ്റം അനിവാര്യമാണ്. അധ്യാപകർ അറിവിന്റെ നിറവിൽ എത്തേണ്ടതുണ്ട് അതിനായി അധ്യാപക പരിശീലനപരിപാടിയിൽ മാറ്റം വരുത്തേണ്ടതാണ്. അധ്യാപകർ അറിവിന്റെ നിറവിൽ എത്തിക്കഴിയുമ്പോൾ തങ്ങൾ ഗ്രഹിച്ച അറിവ് പകരാൻ ഉതകുന്ന തരത്തിലുള്ള ഭൗതിക സാഹചര്യം വിദ്യാലയത്തിൽ ഉണ്ടായാൽ മത്രമേ അതുവഴി സുഖകരമായി താൻഗ്രഹിച്ച അറിവ് കുട്ടികളിൽ പകരാൻ കഴിയുകയുള്ളൂ. ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതോടുകൂടി വിരസമായ ക്ലാസ്മുറികളിലെ പഠനത്തിന് പകരം ഊർജ്ജസ്വലനായ വിദ്യാർത്ഥിയെ നമുക്ക് കണ്ടെത്താൻ കഴിയൂ. പുതുമ ആഗ്രഹിക്കുന്ന പുതിയ തലമുറയ്ക്ക് ഹൈടെക് ക്ലാസ്മുറി അറിവിന്റെ നിറസാന്നിദ്ധ്യം ആയി മാറുമന്നതിൽ സംശയമില്ല. വിദ്യാഭ്യാസ വിജീക്ഷണന്മാരുടെ കാഴ്ചപ്പാട് തികച്ചും അർത്ഥയുക്തമാണ്. സ്കൂളിനെ മികവിന്റെ നിറവിൽ എത്തിക്കുന്നതിന് അധ്യാപകർ കൂട്ടായി പ്രയത്നിക്കുകയാണ്. അറിവിന്റെ മേഖലകളിലേക്ക് കുട്ടിയെ കൈപിടിച്ചുകൊണ്ടുപോകാൻ സഹായകമായ ലൈബ്രറി, ക്ലബ്ബ് പ്രവർത്തനം, എസ്.ആർ.ജിയുടെ പ്രവർത്തനം എന്നിവ വളരെ കാര്യക്ഷമമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെ ഉറച്ച കാൽവയ്പ്പുകളോടെ വിജയത്തിലേക്ക് കയറാൻ തയ്യാറെടുക്കുകയാണ്. വരുംകാലഘട്ടങ്ങളിൽ വിദ്യാലയം അറിവിന്റെ സാന്നിദ്ധ്യമാക്കുന്നതിനായി ഈ കർമ്മ പദ്ധതിയിൽ പങ്കാളി ആകുന്നതോടുകൂടി പൊതു വിദ്യാഭ്യാസയജ്ഞം വിജയസോപാനത്തിൽ എന്നും അതിനായി നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

നിലവിലുള്ള അദ്ധ്യാപകർ കാലാകാലങ്ങളിൽ മാറുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവും പരിചയപ്പെടുന്നതും ഊട്ടി ഉറപ്പിക്കുവാനും ബി.ആർ.സി., ഡയറ്റ്, ക്ലസ്റ്റർ തലങ്ങളിൽ നടക്കുന്ന അവധിക്കാലങ്ങൾ ഉൾപ്പെടെയുള്ള അദ്ധ്യാപക പരിശീലനങ്ങളിൽ എല്ലാ അദ്ധ്യാ

പകരും കൃത്യമായി പങ്കെടുക്കുകയും ലഭിക്കുന്ന അറിവുകൾ സ്കൂൾതല യോഗങ്ങളിൽ ചർച്ച ചെയ്ത് ക്ലാസ്സ് പ്രവർത്തനങ്ങൾ നടത്തി കൂടുതൽ ഫലപ്രദമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രധാന അദ്ധ്യാപിക ഇതിന് മോണിറ്ററിംഗ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

കൂടാതെ കലാ-കായിക മത്സരങ്ങളിലും മേളകളിലും മത്സരപരീക്ഷകളിലുമൊക്കെ കുട്ടികളെ പങ്കെടുപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നു. കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം, വായനാകുറിപ്പ് മത്സരം, ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നതുകൊണ്ട് ലൈബ്രറി കൗൺസിൽ പോലെയുള്ള ഏജൻസികൾ മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാനും വിജയികളാകാനും സാധിക്കുന്നു. സ്കൂളിന്റെ ബാന്റ് ട്രൂപ്പിന്റെ പരിശീലനവും നന്നായി നടന്നുവരുന്നു.

സ്കൂളിലെ പ്രവേശനോത്സവം മുതലുള്ള എല്ലാപ്രവർത്തനങ്ങളും സാമൂഹികപങ്കാളിത്തത്തോടെ ആഘോഷപൂർവ്വം നടത്തിവരുന്നു. വിദ്യാലയത്തിന്റെ സർവോന്മുഖമായ കർമ്മപദ്ധതികളിലൂടെ ഭൗതികസാഹചര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ശ്രമിക്കുന്ന മാനേജർ അടക്കമുള്ള മാനേജ്മെന്റ് ഭാരവാഹികൾ, നേതൃത്വപാടവമുള്ള പ്രധാന അധ്യാപിക, പ്രഗത്ഭരായ അധ്യാപക-അനധ്യാപകർ സ്കൂളിലെ ഏത് പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന പി.ടി.എ. പ്രസിഡന്റ് ഉൾപ്പെടുന്ന ശക്തമായ പി.ടി.എ. ഭാരവാഹികൾ, സജീവമായ എം.പി.ടി.എ. പ്രതിനിധികൾ, നല്ലവരായ നാട്ടുകാർ, എസ്.പി.ജി., എസ്.പി.സി., എൻ.സി.സി, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി., എൻ.എസ്.എസ്., ഫോറസ്ട്രി ക്ലബ്ബ്, ഗാന്ധിദർശൻ, അസാപ്പ്, പരിസ്ഥിതി ക്ലബ്ബ്, ഹൗഹൃദ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിതശാസ്ത്ര ക്ലബ്ബ്, ടൂറിസം ക്ലബ്ബ് തുടങ്ങിയ യൂണിറ്റുകളെല്ലാം ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്. പ്രവേശനകവാടത്തിൽ പി.ടി.എ. ഏർപ്പെടുത്തിയ കാവൽക്കാരൻ, സ്കൂൾ അസംബ്ലി, പ്രവർത്തനസമയത്തെ പ്രവേശനകവാട നിയന്ത്രണം തുടങ്ങിയവയെല്ലാം കുട്ടികൾക്ക് സംരക്ഷണം നൽകുന്നു. കുട്ടികളുടെ കലാപരവും പ്രവൃത്തിപരിചയപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനതലംവരെ പങ്കെടുപ്പിച്ച് 'എ' ഗ്രേഡുകൾ നേടാൻ കഴിഞ്ഞു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നല്ല ഒരു റിസോഴ്സ് അധ്യാപിക ഉള്ളതുകൊണ്ട് അവരുടെ കഴിവുകൾ കണ്ടെത്താനും നല്ല രീതിയിൽ നയിക്കാനും സാധിക്കുന്നു.

## നിതാന്ത ജാഗ്രത (24 മണിക്കൂർ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ)

45 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
ചെലവ്: രൂപ: 6,50,000/-
തുക ചെലവഴിച്ചത്: സ്കൂൾ മാനേജ്മെന്റ്

ഇനി വലിയ മോണിറ്റേഴ്സ് ആവശ്യമാണ്. 4 മോണിറ്ററുകൾക്ക് 20,000/- രൂപ വീതം ആകെ 80,000/- രൂപ വേണ്ടിവരും. അധിക ഇലക്ട്രിക്കൽ വയറിംഗ്, എ.എം.സി., എന്നിവയ്ക്കായ് 40,000/- രൂപയും ആവശ്യമാണ്. പി.റ്റി.എ., സ്കൂൾ പി.ഡി. അക്കൗണ്ട് എന്നിവയുടെ സഹായം തേടാവുന്നതാണ്.

## പേരന്റ് അലർട്ട് സിസ്റ്റം:

വിദ്യാർത്ഥിളുടെ ഹാജർ, അക്കാദമിക് പ്രിഫറൻസ്, പ്രോഗ്രസ് റിപ്പോർട്ട്, നോട്ടിഫിക്കേഷൻ എന്നിവ രക്ഷിതാക്കളെ തൽസമയം അറിയിക്കുവാൻ ലക്ഷ്യമിട്ട് സംസ്ഥാന ഐ.റ്റി മിഷന്റെ സഹകരണത്തോടെ സ്കൂൾ മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനം തുടരുന്നു. ക്ലാസ്സ് ടീച്ചർമാർക്കാണ് ചുമതല. ആദ്യം വേണ്ടിവന്ന 50,000 രൂപ സ്കൂൾ മാനേജ്മെന്റ് ചെലവാക്കി. വാർഷികച്ചെലവ് ഏകദേശം 20,000 രൂപവീതം പി.ടി.എ. സ്കൂൾ മാനേജ്മെന്റ് എന്നിവർക്ക് തുല്യമായി ചെലവ് വഹിക്കാവുന്നതാണ്.

## സ്കൂൾ വെബ്സൈറ്റ്:

സാധാരണയിൽനിന്നും വ്യത്യസ്തമായി ലറൗ എന്ന ഡൊമെയ്നിലാണ് സ്കൂൾ വെബ്സൈറ്റ് (००० .ൃ്ാ.ലറൗ.ശി). സ്കൂൾ മാനേജ്മെന്റാണ് ചെലവ് വഹിച്ചത്. മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

| | | |
|---|---|---|
| ആദ്യചെലവ് | രൂപ: | 30,000/- |
| ആവർത്തനച്ചെലവ് ഏകദേശം | രൂപ: | 10,000/- |

ചെലവ് വഹിക്കുന്നത്: എച്ച്.എസ്.എസ്., എച്ച്.എസ്., എൽ.പി. വിഭാഗങ്ങൾക്ക്. പ്രത്യേകം മെനു ലഭ്യമാണ്.

## കായികരംഗം:

നിലവിൽ മികച്ച സ്കൂൾ ഗ്രൗണ്ട് ലഭ്യമാണ്. സെവൻസ് ഫുട്ബോൾ കളിക്കുള്ള വിസ്തീർണ്ണം മാത്രമേ ഇപ്പോഴുള്ളൂ. വിസ്തീർണ്ണം വർദ്ധിപ്പിക്കാനുള്ള സാധ്യതയില്ല. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാവേലികൾ സ്ഥാപിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഇതിലേക്കായി 70,000/- രൂപ ചെലവാക്കിയിട്ടുണ്ട്. 2016-17ൽ ഡിപ്പാർട്ട്മെന്റ് ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സിൽനിന്നും 25000/- രൂപ സഹായം ലഭിച്ചു. ഇതുപോയഗിച്ച് ഫുട്ബാൾ, അത്ലെറ്റിക്സ്, ഇൻഡോർ ഗെയിംസ് ഉപകരണങ്ങൾ വാങ്ങി. ഇൻഡോർ ഗെയിംസ് ഹാൾ സജ്ജമാക്കിയിട്ടുണ്ട്. 2017-18ൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി., കേരള ഫുട്ബോൾ അസ്സോസിയേഷൻ, സ്കോർലൈൻ സ്പോർട്സ് മാനേജ്മെന്റ് ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടെ 3 വർഷം നീണ്ടുനിൽക്കുന്ന ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് 2018 ഏപ്രിൽ 1 മുതൽ പ്രവർത്തനം ആരംഭിക്കുന്നു. മികച്ച അത്ലറ്റിക് നേട്ടങ്ങൾകൈവരിച്ചിട്ടുണ്ട്. വോളീബോൾ കളികൾ ആരംഭിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിലിനോട് പുതിയ ബാഡ്മിന്റൺ/ടെന്നിസ് എന്നിവയ്ക്കാവശ്യമായ പുതിയ കോർട്ട് നിർമ്മാണത്തിനായി അപേക്ഷ നൽകുന്നുണ്ട്.

## 13. പാഠ്യേതര പ്രവർത്തനങ്ങൾ

എ) **സ്കൂൾ ബാന്റ് ട്രൂപ്പ്:** രണ്ടര ലക്ഷം രൂപ ചെലവിട്ട് മാനേജ്മെന്റ് പുതിയ ബാന്റ് വാദ്യോപകരണങ്ങൾ വാങ്ങി. മികച്ച അധ്യാപകന്റെ സേവനം ലഭ്യമാണ്. 6, 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നു. അധ്യാപകനുള്ള ആദ്യ ചെലവുകളും മാനേജ്മെന്റ് ഏറ്റെടുത്തു. വിദ്യാർത്ഥികളിൽനിന്നും ഫീസ് വാങ്ങി പ്രവർത്തനം തുടരാവുന്നതാണ്. ഉപകരണങ്ങൾ സൂക്ഷിക്കാനായി 40,000/-രൂപ ചെലവാക്കി ഓവർഹെഡ് സ്റ്റോറേജ് സിസ്റ്റം തയ്യാറാക്കിയിട്ടുണ്ട്.

ബി) **രചന-ശില്പശാല:** 2017 മെയ്മാസത്തിൽ സപ്തദിന ശില്പശാല 'ഒഴിവുകാലം' എന്നപേരിൽ നടത്തി. എൺപതിൽപ്പരം ഫാക്വൽറ്റി അംഗങ്ങൾ, ഏകദേശചെലവ് 1.5 ലക്ഷം രൂപ. 25,000/- രൂപ പി.ടി.എ., അധ്യാപകർ, വ്യക്തികൾ എന്നിവരുടെ സംഭാവനവഴി സ്വരൂപിച്ചു. 2018ലെ അവധിക്കാലത്തും തുടരാൻ ലക്ഷ്യമിടുന്നു. ഒന്നരലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

സി) **സ്കൂൾ മാഗസിൻ:** 'ജ്യോതിസ്' എന്നപേരിൽ മാഗസിൻ പ്രസിദ്ധപ്പെടുത്തി. 90,000/- രൂപ ചെലവ്. അധ്യാപകർ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽനിന്നും ഫണ്ട് സ്വരൂപിച്ചു. തുടർന്നുള്ള വർഷങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നു. ഏകദേശച്ചെലവ് 1 ലക്ഷം രൂപ.

**സ്കൂൾ ബസ്:** നിലവിൽ ഹൈസ്കൂൾ വിഭാഗത്തിലേക്കായി 3 ബസ്സുകൾ ലഭ്യമാണ്. ഇതിലേക്ക് ആവർത്തനച്ചെലവായി ഏകദേശം 7 ലക്ഷം രൂപ ആവശ്യമാണ്. കൂടാതെ വാർഷിക അറ്റകുറ്റപ്പണികൾ, ടാക്സ്, ഇൻഷുറൻസ് എന്നിവയ്ക്കായി വർഷത്തിൽ 4 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ഇതിലേക്കാവശ്യമായ തുക അധ്യാപകർ, വിദ്യാർത്ഥികൾ, മാനേജ്മെന്റ് എന്നിവർ സംയുക്തമായി കണ്ടെത്തുന്നു. ആഗസ്റ്റിൽ പുതിയ ഒരു ബസ്കൂടി മാനേജ്മെന്റ് സ്കൂളിനായി സമർപ്പിച്ചു.

എൻ.സി.സി., സ്കൗട്ട്, എസ്.പി.സി., ജെ.ആർ.സി., ഗാന്ധിദർശൻ തുടങ്ങിയ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമായി നടത്തിവരുന്നു. അധികച്ചെലവ് വരുന്നില്ല.

**വിദ്യാർത്ഥിനികളുടെ വ്യക്തിശുചിത്വം:** സാനിട്ടറി പാഡ്, ഡിസ്പെൻസേഴ്സ്, സാനിട്ടറി പാഡ് ഡിസ്പോസൽ ഇൻസിനറേറ്റേഴ്സ് എന്നിവയുടെ നിമ്മാണം എൻ.ജി.ഒയുടെയും തദ്ദേശവാസികളുടെയും സഹായത്തോടെ നടപ്പാക്കാവുന്നതാണ്.

## കുട്ടികളുടെ എണ്ണത്തിന്റെയും
## അക്കാദമിക് നിലവാരത്തിന്റെയും വിശകലനം

| വർഷം | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | |
| 2013 - 14 | | | | | 151 | 174 | 182 | 252 | 269 | 282 | 240 | 240 | 1790 |
| 2014 - 15 | | | | | 166 | 156 | 183 | 258 | 270 | 277 | 240 | 240 | 1790 |
| 2015 - 16 | | | | | 148 | 191 | 188 | 256 | 285 | 277 | 240 | 240 | 1825 |
| 2016 - 17 | | | | | 153 | 173 | 216 | 268 | 270 | 289 | 240 | 240 | 1849 |
| 2017 - 18 | | | | | 136 | 167 | 191 | 270 | 269 | 270 | 240 | 240 | 1783 |


## പരീക്ഷാഫലം- എച്ച്.എസ്. തലം

| വർഷം | എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരുടെ എണ്ണം | വിജയശതമാനം |
|---|---|---|
| 2013 - 14 | 252 | 93% |
| 2014 - 15 | 258 | 92% |
| 2015 - 16 | 256 | 95% |
| 2016 - 17 | 290 | 100% |

## പരീക്ഷാഫലം- ഹയർസെക്കന്ററി തലം

| വർഷം | സയൻസ് | കൊമേഴ്സ് | ഹ്യുമാനിറ്റീസ് |
|---|---|---|---|
| 2015 | 85% | 89% | 65% |
| 2016 | 74% | 76% | 68% |
| 2017 | 96% | 76% | 50% |

# സമീപ വിദ്യാലയങ്ങൾ



## അധ്യാപകരുടെ വിവരങ്ങൾ: എച്ച്.എസ്. വിഭാഗം

| അധ്യാപകരുടെ പേര് | വിഷയം | ചുമതല |
|---|---|---|
| 1. ആർ. ജയശ്രീ | നാച്ചുറൽ സയാൻസ് | പ്രഥമ അധ്യാപിക |
| 2. ആർ. രജിത | ഹിന്ദി | ഹിന്ദി ക്ലബ്ബ് |
| 3. ഷീബ. റ്റി.എസ്. | ഹിന്ദി | |
| 4. എ. ബിന്ദു | ഹിന്ദി | |
| 5. ഡോ. രശ്മി. കെ.എസ് | ഫിസിക്കൽ സയൻസ് | |
| 6. ആർ. ആഷ | മലയാളം | |
| 7. ആർ. ഹേമ | ഗണിതശാസ്ത്രം | |
| 8. എ. ശ്രീജ | ഗണിതശാസ്ത്രം | |
| 9. ആർ. തനുജ | ഫിസിക്കൽ സയൻസ് | ജെ. ആർ. സി |
| 10. എസ്. ശ്രീകുമാർ | ഗണിതശാസ്ത്രം | എൻ. സി. സി |
| 11. എസ്. ശ്രീരേഖ | ഇംഗ്ലീഷ് | എസ്. പി. സി. |
| 12. ഇന്ദു പവിത്രൻ | സാമൂഹ്യശാസ്ത്രം | |
| 13. എം. ജി. നിനോദ് കുമാർ | സാമൂഹ്യശാസ്ത്രം | സോഷ്യൽസയൻസ് ക്ലബ് |
| 14. എ. അനീറ്റ | സാമൂഹ്യശാസ്ത്രം | എസ്. പി. സി |
| 15. എ.പി. അനിത | നാച്ചുറൽ സയൻസ് | |
| 16. പി.എ. അഞ്ജലിദേവി | സാമൂഹ്യശാസ്ത്രം | ഗാന്ധി ദർശൻ |
| 17. അഖിൽ. ആർ | ഇംഗ്ലീഷ് | സ്കൗട്ട് |
| 18. അശ്വതി. ജെ | ഇംഗ്ലീഷ് | ലിറ്റിൽ കൈറ്റ്സ്, ഇംഗ്ലീഷ് ക്ലബ് |
| 19. ആര്യ. എം. ജി. | ഇംഗ്ലീഷ് | SITC |
| 20. ഹിദായത്ത്. പി. എച്ച് | അറബിക് | അറബി ക്ലബ് |
| 21. ഷീന. യു | മലയാളം | ഉച്ചഭക്ഷണം |
| 22. എസ്. റീജ | ഗണിതശാസ്ത്രം | |
| 23. എസ്. ഷീജ | ഗണിതശാസ്ത്രം | |
| 24. എൽ. ജീജാകുമാരി | മലയാളം | |
| 25. പി. മഞ്ചുലത | എച്ച്. എസ്. റ്റി. നാച്ചുറൽ സയൻസ് | |
| 26. മഞ്ചു. ജി | നാച്ചുറൽ സയൻസ് | |
| 27. ഗായത്രി. എസ് | മലയാളം | വിദ്യാരംഭം |
| 28 അജയ് ജ്യോതിസ് | ഫിസിക്കൽ സയൻസ് | സയൻസ് ക്ലബ് |
| 29 മഞ്ചുഷ. ഐ | യു. പി. എസ്. റ്റി | |
| 30 എൽ. സിന്ധു | യു. പി. എസ്. റ്റി | |
| 31 റ്റി. ജയശ്രീ | യു. പി. എസ്. റ്റി | ഗണിത ക്ലബ് |
| 32 പി. ലീന | യു. പി. എസ്. റ്റി | എനർജി ക്ലബ് |

| | | |
|---|---|---|
| 33 രാജലക്ഷ്മി | യു. പി. എസ്. റ്റി | ഗൈഡ്സ് |
| 34 എം. എസ്. ദീപ | യു. പി. എസ്. റ്റി | |
| 35 ദീപ്തി. യു. ജി | യു. പി. എസ്. റ്റി | |
| 36 അർച്ചന. എസ് | യു. പി. എസ്. റ്റി | |
| 37 സന്ധ്യ. ആർ. | എസ്. യു. പി. എസ്. റ്റി | ഹെൽത്ത് ക്ലബ് |
| 38 എസ്. ശ്രീജിത്ത് | കായികം | |
| 39 എസ്. വിജയകുമാരി | പ്രവർത്തിപരിചയം | |
| 40 ജിത്തു. ബി | യു. പി. എസ്. റ്റി | ഫോറസ്റ്റ് ക്ലബ് |
| 41 ഷൈല | യു. പി. എസ്. റ്റി | |
| 42 മൃദുല | യു. പി. എസ്. റ്റി | വിമുക്തി ക്ലബ് |
| 43 മുഹമ്മദ് റഫീഖ് | യു. പി. എസ്. റ്റി | |

അനധ്യാപകർ

| | | |
|---|---|---|
| 44 പാർവ്വതി. ആർ | ക്ലർക്ക് | |
| 45 വിവേക്. ആർ | ഓഫീസ് അസിസ്റ്റന്റ് | |
| 46 ദീപക്. പി | ഓഫീസ് അസിസ്റ്റന്റ് | |
| 47 വിഷ്ണുധരൻ. എം | എഫ്. ടി. എം. | |
| 48 അഖിൽ. ജി | എഫ്. ടി. എം. | |

# അധ്യാപകരുടെ വിവരങ്ങൾ: എച്ച്.എസ്.എസ്. വിഭാഗം

| അധ്യാപകരുടെ പേര് | | വിഷയം | ചുമതല |
|---|---|---|---|
| 1 | ബീനാ ഭാസ്കരൻ | രസതന്ത്രം | പ്രിൻസിപ്പൽ |
| 2 | അഞ്ജലി വി. | രസതന്ത്രം | എൻ. സി. സി. |
| 3 | അഞ്ജന മോഹൻ | ഇംഗ്ലീഷ് | |
| 4 | ചിഞ്ചുലക്ഷ്മി എസ്. | ചരിത്രം | |
| 5 | ദീപ ഗോപിനാഥ് എസ്. | മലയാളം | വിദ്യാരംഗം |
| 6 | ഗംഗാദേവി വി. ആർ. | ജന്തുശാസ്ത്രം | |
| 7 | ഗായത്രി ആർ. എസ്. | ഇംഗ്ലീഷ് | |
| 8 | കിരൺ അരവിന്ദ് എസ്. | ഇംഗ്ലീഷ് | ഹെൽത്ത് ക്ലബ് |
| 9 | ലക്ഷ്മി എസ്. | ഭൗതികശാസ്ത്രം | |
| 10 | മഞ്ജു എം. | സസ്യശാത്രം | ഇക്കോ ക്ലബ് |
| 11 | മായ എസ്. | കൊമേഴ്സ് | കരിയർ ഗൈഡൻസ് |
| 12 | മീര ശ്രീകുമാർ | സാമ്പത്തികശാസ്ത്രം | എൻ. എസ്. എസ് |
| 13 | സരിത ആർ. | ഹിന്ദി | സ്കൗട്ട് & ഗൈഡ്സ് |
| 14 | ഷീജ കെ. കുര്യൻ | സാമൂഹ്യശാസ്ത്രം | സൗഹൃദ ക്ലബ്ബ് |
| 15 | ശ്യാമ. എസ് | ഭൗതികശാസത്രം | |
| 16 | ശോഭനകുമാരി വി. കെ. | ഗണിതശാസ്ത്രം | അസാപ് |
| 17 | ശ്രീരാജ് എസ്. | രാഷ്ട്രതന്ത്രശാസ്ത്രം | |
| 18 | ഡോ. സ്വപ്ന നായർ | ഹിന്ദി | റേഞ്ചർ |
| 19 | ടോണി എസ്. | കമ്പ്യൂട്ടർ സയൻസ് | |
| 20 | വിണ. എസ് | കോമേഴ്സ് | |
| 21 | വിമൽകുമാർ എസ്. | സാമ്പത്തികശാസ്ത്രം | |

അനധ്യാപകർ

| | | | |
|---|---|---|---|
| 1 | ലേഖ. ജെ | | ലാബ് അസിസ്റ്റന്റ് |
| 2 | ഹിരൺ നാരായൺ | | ലാബ് അസിസ്റ്റന്റ് |
| 3 | പ്രദീപ്. ജി | | ലാബ് അസിസ്റ്റന്റ് |

## കുട്ടികളുടെ എണ്ണത്തിന്റെയും അക്കാദമിക്ക് നിലവാരത്തിന്റെയും വിശദീകരണം

| വർഷം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2018–19 | | | | | 151 | 165 | 188 | 279 | 292 | 278 | 240 | 240 | 833 |
| 2019–20 | | | | | 131 | 180 | 184 | 246 | 297 | 296 | 240 | 240 | 1814 |
| 2020–21 | | | | | 129 | 144 | 192 | 216 | 239 | 299 | 240 | 240 | 1699 |
| 2021–22 | | | | | 146 | 146 | 169 | 278 | 232 | 241 | 240 | 240 | 1692 |
| 2022–23 | | | | | 133 | 164 | 157 | 225 | 293 | 242 | 240 | 240 | 1694 |
| 2023–24 | | | | | 98 | 155 | 180 | 220 | 236 | 295 | 240 | 240 | 1664 |
| 2024–25 | | | | | 82 | 116 | 156 | 259 | 237 | 245 | 240 | 240 | 1575 |
| 2025–26 | | | | | 95 | 111 | 135 | 248 | 280 | 237 | 240 | 240 | 1586 |

## പരീക്ഷാഫലം - എച്ച്.എസ്. തലം

| വർഷം | സയൻസ് | ഹ്യുമാനിറ്റീസ് | കൊമേഴ്സ് |
|---|---|---|---|
| 2021 | | | |
| 202 | | | |
| 2023 | | | |
| 2024 | 101 | 50 | 50 |
| 2025 | 100 | 50 | 49 |

# ആമുഖം

മലയാളം മരിക്കുന്നു എന്നുള്ള വിളി കേട്ടു തുടങ്ങിയിട്ട് കുറേക്കാലമായി. ഇംഗ്ലീഷ് പഠനം വ്യാപകമായതോടെ മലയാളം മാധ്യമമാക്കിയുള്ള പഠനത്തിന്റെ തോത് വളരെ കുറഞ്ഞിട്ടുണ്ട്. ഭരണ ഭാഷ മലയാളമാക്കാനുള്ള ശ്രമങ്ങൾ ലക്ഷ്യത്തിൽ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ മലയാള ഭാഷയെ പാഠ്യതലങ്ങളിൽ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്ന് ഇങ്ങനെയുള്ള വസ്തുതകളിലൂടെ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ–മലയാളം

1) പ്രവർത്തനത്തിന്റെ പേര് : മലയാളം പദപ്രശ്ന നിർമ്മാണം

ഉപമേഖല : മലയാള പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | മലയാളം പാദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ കണ്ടെത്തി സമ്മാനം നൽകുന്നു. | പ്രതിമാസ പരിപാടി | മലയാളം ടീച്ചർ | |

2) പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാരൂപീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയ പ്പെടാൻ അവസരം കിട്ടുന്നു. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തുവാൻ പറയുന്നു. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിച്ച്, കാറ്റലോഗ്, തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | പ്രിൻസിപ്പൽ മലയാളം ടീച്ചർ ലൈബ്രേറിയൻ | |

3) പ്രവർത്തനത്തിന്റെ പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള നോവലുകൾ, ചെറുകഥകൾ, പഠിക്കാനുള്ള നല്ല പാഠങ്ങൾ എന്നിവയുടെ നാടക ആവിഷ്ക്കരണം. | പ്രതിമാസ പരിപാടി | ക്ലാസ്സിലെ കുട്ടികൾ, മലയാളം അധ്യാപിക | |

4) പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പരിപാടി

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ക്വിസ്മത്സരം, പ്രസംഗമത്സരം, ഉപന്യാസ രചന എന്നിവ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | മലയാളം അധ്യാപിക, മറ്റ് അധ്യാപകരും | |

5) പ്രവർത്തനത്തിന്റെ പേര് : ഭാഷാ പ്രോജക്ടുകൾ

ഉപമേഖല : കുട്ടികളിലെ ഭാഷാശൈലികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഉള്ള ഭാഷാ രചനയിലും ശൈലിയിലും ഉള്ള പഠനം. | മലയാളം ഭാഷയെ കൂടുതൽ മനസ്സിലാക്കു-വാനും ആഴത്തിലുമുള്ള വായനയ്ക്കുമായി പാഠപുസ്തകവുമായി ബന്ധപ്പെട്ടുകൊണ്ട് അസൈൻമെന്റ്, സെമിനാർ തുടങ്ങി പ്രോജക്ടുകൾ നൽകുന്നു. | മാസത്തിൽ ഒരു തവണ | മലയാളം ടീച്ചർ | |

6)പ്രവർത്തനത്തിന്റെ പേര് : ആൽബം തയ്യാറാക്കൽ
ഉപമേഖല : സാഹിത്യസാംസ്ക്കാരിക ലക്ഷ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാംസ്കാരിക സാഹിത്യ ലക്ഷ്യ പഠനം | മലയാള സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവിത ചരിത്ര കുറിപ്പുകൾ, നല്ല നല്ല കവിതകളുടെ വരികൾ എന്നിവ കണ്ടെത്തി ആൽബം രൂപത്തിൽ തയ്യാറാക്കാൻ പറയുന്നു. | ഒരു മാസം | മലയാളം അധ്യാപിക | |

7) പ്രവർത്തനത്തിന്റെ പേര് : കൈയ്യെഴുത്ത് മാസിക
ഉപമേഖല : സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്താനുള്ള അവസരം ഉണ്ടാക്കുന്നു. | കുട്ടികളെകൊണ്ട് കഥകളും കവിതകളും ലേഖനങ്ങളും എല്ലാം അവരുടെ കഴിവിന് അനുസരിച്ച് ഒരു നിശ്ചിത ദിവസം തയ്യാറാക്കി വരാൻ ആവശ്യപ്പെടുന്നു. | വർഷത്തിൽ ഒരിക്കൽ | പ്രിൻസിപ്പൽ, അധ്യാപകർ, പി.ടി.എ. | |

8) പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ
ഉപമേഖല : പ്രത്യക്ഷ അനുഭവത്തിലൂടെയുള്ള വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷ അനുഭവത്തിലൂടെ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു. | കുട്ടികളെ പാഠഭാഗവുമായി ബന്ധപ്പെട്ട് മലയാള സാഹിത്യകാരന്മാരുടെ ജന്മസ്ഥലം, സ്മാരകങ്ങൾ, പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | മാസത്തിൽ | പ്രിൻസിപ്പൽ, മലയാളം അധ്യാപിക, മറ്റ് വിഷയ അധ്യാപകർ | |

9) പ്രവർത്തനത്തിന്റെ പേര് : സി.ഡി പ്രദർശനം
ഉപമേഖല : ദൃശ്യാനുഭവ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ദൃശ്യാനുഭവത്തിൽ കൂടി കാര്യങ്ങൾ മനസ്സിലാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് സിനിമ, ഡോക്യുമെന്ററി, കവിതാഭാഗങ്ങൾ ഇവയെല്ലാം സി.ഡി യിൽ കൂടി കുട്ടികളെ കാണിച്ച് ആ പാഠഭാഗം അവരെ ബോധ്യപ്പെടുത്തി കൊടുക്കുന്നു. | പാഠഭാഗം പഠിപ്പിക്കുന്ന സമയം അനുസരിച്ച് | അധ്യാപകർ | |

10) പ്രവർത്തനത്തിന്റെ പേര് : വായനാകുറിപ്പ്, ആസ്വാദന കുറിപ്പ്
ഉപമേഖല : കുട്ടികളിൽ വായനയ്ക്കും എഴുത്തിലുമുള്ള മികവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് വികസിപ്പിക്കൽ | പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി പാഠഭാഗങ്ങൾ ഉറക്കെ വായിച്ചിട്ട് വായനാക്കുറിപ്പ് തയ്യാറാക്കുവാനും, ആ പാഠഭാഗത്തെക്കുറിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കുവാനും ആവശ്യപ്പെടുന്നു. | ഓരോ ആഴ്ചയിലും | അധ്യാപകർ | |

# <u>മാസ്റ്റർ പ്ലാൻ– മാലയാളം</u>

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|
| മാതൃഭാഷയുടെ സർവ്വോപരിയായുള്ള വളർച്ചയ്ക്ക് വേണ്ടി കുട്ടികളെ സജ്ജമാക്കാൻ ചെറിയ ക്ലാസ്സ് മുതൽ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുണ്ട്. അതിനായികുട്ടി കളെ സജ്ജരാക്കുന്നതിനുള്ള ചില പ്രവർത്തനങ്ങൾ.<br><br>*** സാഹിത്യ ക്യാമ്പ്**<br>1. കഥാവായന; രചന; അവതരണം; എഡിറ്റിംഗ്<br>2. കവിതാവായന; രചന,അവതരണം,എഡിറ്റിംഗ്<br>3. സാഹിത്യ ചർച്ച; അവതരണം; വിലയിരുത്തൽ<br>4. സിനിമാസ്വാദനം; ചർച്ച; വിലയിരുത്തൽ<br>5. തിരക്കഥ നിർമ്മാണം; എഡിറ്റിംഗ്,വിലയിരുത്തൽ<br><br>*** നാടകക്യാമ്പ്**<br>1. നല്ല നാടകങ്ങൾ കാണാനുള്ള അവസരമൊരുക്കൽ അഭിനയപരിശീലനം, രംഗസജ്ജീകരണം, ശബ്ദക്രമീകരണം ഇവയെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന ക്ലാസ്സുകൾ, പ്രമുഖ നാടക നടന്മാരുമായുള്ള അഭിമുഖം.<br>2. കുട്ടികൾക്കായി നാടകക്കളരി സംഘടിപ്പിക്കൽ, നല്ല നാടകങ്ങളുടെ സ്കൂൾ തല അവതരണം | ഒരു അക്കാദമിക കാലയളവ് | 5,6,7,<br>8,9,10 | കുട്ടികളുടെ സർഗ്ഗാത്മക മായ കഴിവ് കണ്ടെത്തി പരിപോഷി പ്പിക്കൽ. |
| 3. കുട്ടികളുടെ നാടകങ്ങൾ ഐ.റ്റി സാധ്യത പ്രയോജന പ്പെടുത്തി ചിത്രീകരിച്ച് അവതരിപ്പിക്കൽ, വിവിധ നാടകങ്ങൾ, അന്യഭാഷാചിത്രങ്ങൾ ഇവ കാണാനുള്ള അവസരം, സാഹിത്യകാരന്മാരുമായുള്ള വിഡിയോ കോൺഫറൻസ്, നല്ല കവിതകൾ, കഥകൾ ഇവ ആസ്വദിക്കാനുള്ള അവസരമൊരുക്കൽ.<br><br>*** റേഡിയോ ക്ലബ്ബ്**<br>കുട്ടികളുടെ റേഡിയോ ക്ലബ്ബ് രൂപീകരിക്കൽ, വാർത്താവായന, ക്വിസ് പരിപാടികൾ, കുട്ടിക്കവിതകൾ, കഥകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കൽ<br><br>*** പഠനയാത്രകൾ**<br>കേട്ടറിവ് മാത്രമുള്ള പ്രദേശങ്ങളെ നേരിട്ട് കാണാനും പഠിയ്ക്കാനുമുള്ള അവസരങ്ങൾ (പുതിയ കൃഷിരീതികൾ, മത്സ്യബന്ധന രീതി, കരകൗശല നിർമ്മാണം, ചെറിയ വ്യവസായ ശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇവ നേരിട്ടറിയുവാൻ)<br>* യാത്രാ വിവരണങ്ങൾ : പഠനയാത്രയിലൂടെ നേടിയ അറിവുകൾ പുസ്തകരൂപത്തിലാക്കൽ<br><br>* പത്രം , പതിപ്പുകൾ, വാരികകൾ, മാസികകൾ ഇവയുടെ നിർമ്മാണം, സ്കൂൾ മാസിക തയ്യാറാക്കൽ | ഒരു അക്കാദമിക വർഷം | 5,6,7,<br>8,9,10 | കുട്ടികളുടെ സർവ്വതോ ന്മുഖമായ വികാസം |

# മാസ്റ്റർ പ്ലാൻ- അറബിക്

## ആമുഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിർക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വിദേശഭാഷ നമ്മുടെ വിദ്യാലയങ്ങളിൽ മറ്റ് വിഷയങ്ങൾക്കൊപ്പം ഇഴചേർന്ന് അറബി അധ്യായനവും മുന്നോട്ട് പോകുന്നു.

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകത്തിലുള്ള പദങ്ങൾക്ക് പുറമേ, പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | അക്കാദമിക വർഷം | 5, 6, 7, 8 9, 10 | അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക |
| വായനാമത്സരം, പൊതുവിജ്ഞാനം , അറബിഭാഷാ സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തി അറബിയിലും,മാതൃഭാഷയിലും ക്വിസ് മത്സരം. | ഒരു അക്കാദമിക വർഷം | 5, 6, 7, 8 9, 10 | ഭാഷാ ആഭിമുഖ്യം, വായനാ താൽപ്പര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധി പ്പിക്കൽ |
| കഥാവായന, രചന, അവതരണം, എഡിറ്റിംഗ്, കവിതാവായന, രചന, അവതരണം, എഡിറ്റിംഗ്, അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദപ്പയറ്റ്,പദകേളി, പ്രസംഗം, സംഭാഷണം തുടങ്ങിയവയുടെ മത്സരപരിശീലനം | | | ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കൽ |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം, ബോധ്യപ്പെടുത്തൽ, സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് ദിനാചരണങ്ങളുടെ ഭാഗമായി അറബിയിൽ പ്ലക്കാർഡുകൾ ഉണ്ടാക്കുക, തത്സമയ ക്വിസ് മത്സരം, മാഗസിൻ തയ്യാറാക്കൽ. | | | ദിനാചരണങ്ങളുടെ പ്രാധാന്യം, സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കൽ |
| നാടക ക്യാമ്പ്, അഭിനയ പരിശീലനം, രംഗസജ്ജീകരണം, ശബ്ദക്രമീകരണം, ഇവയെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന ക്ലാസുകൾ, നാടകക്കളരി സംഘടിപ്പിക്കൽ, നാടകങ്ങളുടെ സ്കൂൾ തല അവതരണം, കലോത്സവ മത്സരങ്ങളിൽ അവതരണം | | | |
| കുട്ടികളുടെ നാടകങ്ങൾ ഐ.ടി സാധ്യത പ്രയോജനപ്പെടുത്തി ചിത്രീകരിച്ച് അവതരിപ്പിക്കൽ. | | | |
| റേഡിയോ ക്ലബ്ബ് രൂപീകരിച്ച്, വാർത്താ വായന, ക്വിസ്, കവിതകൾ, കഥകൾ, കടങ്കഥകൾ എന്നിവ നടത്തുവാൻ പ്രാപ്തരാക്കൽ. | ഒരു അക്കാദമിക വർഷം | 5, 6, 7, 8 9, 10 | അറബി ഭാഷാപഠനത്തിൽ ഐ.റ്റി സാധ്യത ഉൾപ്പെടുത്തൽ |
| ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ് റൂം, അറബിക് ബാലസാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെ പരിശീലനം. | | | |
| അറബിക് ടൈപ്പിംഗ് പരിചയപ്പെടുത്തൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഇംഗ്ലീഷ്

## ആമുഖം

വിദ്യാലയകാലത്തെ അക്കാദമികേതര പ്രവർത്തനങ്ങൾ ഒരു വിദ്യാർത്ഥിയുടെ സമഗ്ര വികസനത്തിന് സാധ്യാമാക്കുന്ന വിധത്തിൽ വൈവിധ്യവും വിപുലവുമായ പഠനാനുഭവങ്ങൾ ആയി മാറിത്തീരേണ്ടതുണ്ട്. വർത്തമാന കാലത്തിന്റെ അറിവും, സാങ്കേതിക വിദ്യയും സമ്മേളിക്കുന്ന പഠന പഠനേതര പ്രവർത്തനങ്ങൾ പഠിതാവിന്റെ ജീവിത വീക്ഷണത്തിൽ തന്നെ വിശാലാർത്ഥത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കും.

## ലക്ഷ്യങ്ങൾ

- ദേശീയ അന്തർദേശീയ സാംസ്കാരിക സവിശേഷതകൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയാനുള്ള അവസരം.
- വിദ്യാർത്ഥികളിലെ പ്രസംഗ കലയെ പരിപോഷിപ്പിക്കുക.
- വിദ്യാർത്ഥികളിൽ ആംഗലേയ ഭാഷയിലുള്ള ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുക.
- ഓരോ പഠനഭാഗങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെ കാര്യക്ഷമമായ രീതിയിൽ വിദ്യാർത്ഥികളിലേക്ക്, അതിന്റെ അന്തസത്ത ഒട്ടു ചോർന്നു പോകാതെ എത്തിക്കുക.
- വിഷയങ്ങളെ വിദ്യാർത്ഥികളുടേതായ രീതിയിൽ അവരുടെ ഭാഗത്തുനിന്നു നോക്കി കാണാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അവലംബിക്കുക.

## പ്രവർത്തന പദ്ധതിയുടെ വിശകലനം

വിഷയം : വിദ്യാർത്ഥികൾ ആവശ്യമായ പഠന ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല.

പ്രവർത്തനം : 1.1 ക്ലാസ് ടെസ്റ്റ്

ലക്ഷ്യം : കുട്ടികളിലെ പഠനനിലവാരവും ആംഗലേയ ഭാഷയിലുള്ള പ്രാവീണ്യവും തിരിച്ചറിയുക.

| പ്രവർത്തനം | കാലയളവ് | മേൽനോട്ടം | സാമ്പത്തിക മാർഗം |
|---|---|---|---|
| ക്ലാസ് ടെസ്റ്റ് (ചോദ്യപേപ്പർ തയ്യാറാക്കലും അത് അച്ചടിക്കലും) | ജൂലൈ 10<br>(11:45 am - 12:45 pm) | അധ്യാപികമാർ | |
| ടെസ്റ്റ് നടത്തിപ്പ് | നടത്തുന്നത്<br>ജൂലൈ 14<br>(12:00 - 12.55 pm) | ക്ലാസ് അധ്യാപിക | |

**വിഷയം** : വിദ്യാർത്ഥികൾ മികച്ച നിലവാരത്തിലുള്ള വായനാ നൈപുണ്യം നേടിയിട്ടില്ല

പ്രവർത്തനം : വായനാ മത്സരം

ലക്ഷ്യം : കുട്ടികളെ തെറ്റു കൂടാതെ വായിക്കാൻ പരിശീലിപ്പിക്കുക.

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| വായനാ മത്സരത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കുട്ടികൾക്ക് കൊടുക്കുന്നു | സെപ്തംബർ (5 – 7) | അധ്യാപിക | |
| വായനാ മത്സരം നടത്തുന്നു | സെപ്തംബർ (12 – 15) | അധ്യാപിക | |

**വിഷയം** : കുട്ടികളിൽ നേതൃത്വപാടവം കുറയുന്നു

**പ്രവർത്തനം** : സെമിനാർ

**ലക്ഷ്യം** : കുട്ടികളെ നേതൃത്വപാടവമുള്ളതും ചിന്താശേഷി ഉള്ളവരുമാക്കി തീർക്കുക.

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| സെമിനാറിനുള്ള വിഷയം അവതരിപ്പിക്കുക. കുട്ടികളെ രണ്ട് ഗ്രൂപ്പായി തിരിക്കുക. | ഒക്ടോബർ 1 | അധ്യാപിക | |
| സെമിനാർ അവതരണം | ഒക്ടോബർ 4 | അധ്യാപിക | |

**വിഷയം** : ദേശീയ അന്തർദേശീയ സാംസ്കാരിക സവിശേഷതകളിൽ വിദ്യാർത്ഥികളുടെ അറിവ് കുറയുന്നു.

**പ്രവർത്തനം** : ചലച്ചിത്ര പ്രദർശനം

**ലക്ഷ്യം** : നൂറ്റാണ്ടിന്റെ കല എന്ന നിലയിൽ സിനിമാ മാധ്യമത്തെ അറിയുക.

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| ചലച്ചിത്ര പ്രദർശനം | ഒക്ടോബർ 10 | അധ്യാപികമാർ | പി.ടി.എ |

**വിഷയം** : കുട്ടികൾ തങ്ങളുടെ സർഗ്ഗാത്മകത പ്രദർശിപ്പിക്കാൻ വിമുഖത കാണിക്കുന്നു.

പ്രവർത്തനം : കയ്യെഴുത്ത് മാസിക

ലക്ഷ്യം : കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കാനും പ്രദർശിപ്പിക്കാനുമുള്ള അവസരം

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| കയ്യെഴുത്ത് മാസിക തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുക | ഒക്ടോബർ 15 | അദ്ധ്യാപിക | |
| ലേഖനങ്ങളും കവിതകളും മറ്റ് കലാസൃഷ്ടികളും ശേഖരിക്കാനുള്ള സമയം അനുവദിക്കുക | ഒക്ടോബർ 16<br>നവംബർ 30 | അദ്ധ്യാപിക | |

**വിഷയം** : കുട്ടികൾ പഠനലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല

പ്രവർത്തനം : പരീക്ഷ

ലക്ഷ്യം : കുട്ടികളെ പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുക | ഡിസംബർ<br>1-3 വരെ | അദ്ധ്യാപികമാർ | |
| പരീക്ഷ നടത്തുക | ഡിസംബർ<br>4-12 വരെ | അദ്ധ്യാപിക | |

**വിഷയം** : കുട്ടികൾ പഠനലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല

പ്രവർത്തനം : പുനർപഠനം (റിവിഷൻ)

ലക്ഷ്യം : കുട്ടികളെ വാർഷിക പരീക്ഷയ്ക്കുവേണ്ടി തയ്യാറാക്കുക, പഠനലക്ഷ്യങ്ങൾ കൈവരിക്കുക.

| **പ്രവർത്തനം** | **കാലയളവ്** | **മേൽനോട്ടം** | **സാമ്പത്തിക ശ്രോതസ്സ്** |
|---|---|---|---|
| പുനർപഠനം | ജനുവരി 15<br>ഫെബ്രുവരി 15 | അദ്ധ്യാപിക | |

# ഹിന്ദി പഠന പദ്ധതി 2018-2019

ഹിന്ദി രാഷ്ട്രഭാഷയാണെങ്കിലും താഴ്ന്ന ക്ലാസ്സ് മുതൽ പഠിക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ല. അഞ്ചാം ക്ലാസ്സ് മുതൽ ഹിന്ദി പഠനം ആരംഭിക്കുന്ന കുട്ടികൾക്ക് ആറ്, ഏഴ് ക്ലാസ്സുകളൽ എത്തിയാൽപ്പോലും അക്ഷരങ്ങളും വാക്കുകളും വ്യക്തമായി എഴുതാൻ കഴിയുന്നില്ല. ആയതിനാൽ എൽ.പി.തലം മുതൽ ഹിന്ദിപഠനം ആരംഭിക്കുന്നത് പ്രയോജനപ്രദമായിരിക്കും.

## പഠനപ്രശ്നങ്ങൾ

- അക്ഷരങ്ങളും വാക്കുകളും വ്യക്തമായി പഠിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനാശീലം കുറവ്.
- മുതിർന്ന ക്ലാസ്സുകളിൽ എത്തുമ്പോൾ താഴ്ന്ന ക്ലാസ്സുകളിലെ ആശയത്തെക്കുറിച്ച് വ്യക്തതക്കുറവ്.
- പുതിയ ഭാഷയോടുള്ള അവഗണന

## പ്രശ്നപരിഹാരം

5, 6 ക്ലാസ്സുകളിൽ പുതുതായി എത്തുന്ന എല്ലാകുട്ടികളെയും അക്ഷരവും അതിലൂടെ വാക്കുകളും പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ വാക്കുകൾ ഉൾപ്പെടുത്തി വാചകങ്ങൾ രൂപപ്പെടുത്താൻ പഠിപ്പിക്കുന്നു. വായനാശേഷി വർദ്ധിപ്പിക്കാൻ ചെറിയ കഥാപുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആയി നിലവിലുള്ള സമയക്രമത്തിനുശേഷം പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നു. അക്ഷരങ്ങളും വാക്കുകളും പരിചയപ്പെടുത്താനായി ചാർട്ടുകളും ലഭ്യമായ മറ്റ് പഠനസാമഗ്രികളും പ്രയോജനപ്പെടുത്തുന്നു.

2018-2019 അധ്യായനവർഷം പുതുതായി സ്കൂളിൽ എത്തുന്ന കുട്ടികൾക്ക് ഹിന്ദിപഠനം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രീടെസ്റ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രീടെസ്റ്റിൽ മോശമാകുന്ന പുതിയ കുട്ടികളെയും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന നിലവിലുള്ള കുട്ടികളെയും ചേർത്ത് ഗ്രൂപ്പുകളായി പ്രത്യേക പരിഗണന നൽകുന്നു. പാഠ്യപുസ്തകത്തിലെ പഠനപ്രക്രിയ കൂടാതെ പുതിയ പ്രവർത്തനങ്ങൾ കണ്ടെത്തി ഗ്രഹപാഠത്തിനായി നൽകുന്നു. ക്ലാസ്സിൽ എത്തുന്ന അധ്യാപികമാർ കഴിയുന്നതും ഹിന്ദിയിൽ തന്നെ സംസാരിക്കുവാൻ ശ്രമിക്കും. വ്യാകരണഭാഗങ്ങൾ പരിചയപ്പെടുത്താനായി പ്രത്യേക പിരീഡുകൾ കണ്ടെത്തുന്നു. വിവിധ ദിനാചരണങ്ങൾ നടത്തുന്നതിനോടൊപ്പം ഹിന്ദിദിനമായ സെപ്റ്റംബർ 14 പോസ്റ്റർ നിർമ്മാണം, കവിതാരചന, ക്വിസ് മത്സരം, വായനാമത്സരം, പദ്യംചൊല്ലൽ, എന്നിവ നടത്തി കുട്ടികൾക്ക് ഹിന്ദിഭാഷയുടെ മഹത്വം മനസ്സിലാക്കുന്നു. ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തി ഭാഷാപഠനം ലളിതമാക്കുന്നു.

# മാസ്റ്റർപ്ലാൻ – ഹിന്ദി

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് |
|---|---|---|
| * ഹിന്ദി നാടകോത്സവം (വിവിധ ക്ലാസുകളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത്)<br>* വിദ്യാർത്ഥികൾക്ക് ക്യാമ്പ്<br>* കഥാവായന, കഥാരചന, സ്ക്രിപ്റ്റ് റൈറ്റിംഗ്, എഡിറ്റിംഗ്<br>* അഭിനയ പരിശീലനം, ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം.<br>* ഹിന്ദി നാടക അഭിനേതാക്കൾ, ലേഖകർ എന്നിവരുടെ അഭിമുഖം, ശില്പശാലകൾ<br>* ക്ലാസ് തല അഭിനയ പരിശീലന അവസരം<br>* വേദികളിൽ അവതരണത്തിന് അവസരം<br>* പി.റ്റി.എ, സി.പി.റ്റി.എ, കോർണർ പി.റ്റി.എകളിൽ അവസരം, സ്കൂൾ വാർഷികം<br>* ഡോക്യുമെന്റേഷൻ, ഐ.റ്റി സാധ്യത ഉപയോഗിച്ച്<br>* അദ്ധ്യാപക ഹിന്ദി നാടകോത്സവം<br>* ഹിന്ദി തീയേറ്റർ സജ്ജീകരിക്കുക. | 1 വർഷം | 5, 6, 7, 8, 9, 10<br><br>അധ്യാപകർ |
| * ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>* ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>* വാർത്തകൾ കേൾക്കാനുള്ള അവസരം<br>* ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫറൻസ് | 6മാസം<br>1 വർഷം | 5, 10 |
| * ഹിന്ദി കവിതകളുടെ ഓഡിയോ കേൾക്കാനുള്ള അവസരം<br>* സ്കൂൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദിക്ക് സമയം നൽകി വാർത്താവതരണം, ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക.<br>* ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് കൂടി പഠനയാത്രകൾ പ്ലാൻ ചെയ്യുക. | | |

## ഹിന്ദി

**ലക്ഷ്യം : വിദ്യാർത്ഥിയുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * വായനാ മത്സരം, കവിതാ രചന, പോസ്റ്റർ, രചനാ മത്സരങ്ങൾ<br>* ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം ഒരുക്കുക<br>* ദേശീയ അവബോധം വളർത്തുന്ന കവിതകൾ ശേഖരിക്കൽ | ഹിന്ദി ടീച്ചർ | 1- 3 മാസം | |

**ലക്ഷ്യം : ഹിന്ദി ഭാഷയോടുള്ള താത്പര്യം ഉയർത്തൽ**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * മാസത്തിൽ ഒരു ദിവസം ഹിന്ദി അസംബ്ലി കൂടുക<br>* ഈശ്വര പ്രാർത്ഥന<br>* പ്രതിജ്ഞ<br>* ചിന്താവിഷയം<br>* പൊതുവിജ്ഞാനം<br>* പുസ്തക പരിചയം<br>* ദിനാചരണങ്ങൾ | ഹിന്ദി ടീച്ചർ | 1- 3 മാസം | |

**ലക്ഷ്യം : ചരിത്രാവബോധം വളർത്തിയെടുക്കൽ**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാനസംഭവങ്ങളുടെ പോസ്റ്റർ പ്രദർശനം, ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ട സിനിമാ പ്രദർശനം, ജീവിതചരിത്രം തയ്യാറാക്കൽ, സ്വാതന്ത്ര്യ സമര സേനാനികളുടെ പ്രസംഗങ്ങൾ വിദ്യാർത്ഥികളെ കേൾപ്പിക്കുക. | ഹിന്ദി ടീച്ചർ | 1- 3 മാസം | |

**ലക്ഷ്യം : സാങ്കേതിക പദങ്ങൾ പരിചയപ്പെടുത്തൽ**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * ഭരണഭാഷ പരിചയപ്പെടുത്തൽ, ബാങ്ക്/എൽ.ഐ.സി/പോസ്റ്റോഫീസ്/ റെയിൽവേ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് സമാന മലയാള/ഹിന്ദി ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തുകയും പദപ്രയോഗത്തിൽ മനസ്സിലാക്കാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുക | ഹിന്ദി ടീച്ചർ | 1 മാസം | |

**ലക്ഷ്യം : ഹിന്ദി അന്തരീക്ഷവുമായി പരിചയപ്പെടാനുള്ള അവസരം**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം<br>* ഹിന്ദി കവിതകളുടെ ഓഡിയോ കേൾക്കാനുള്ള അവസരം<br>* കൈയെഴുത്ത് മാസിക തയ്യാറാക്കുക. | ഹിന്ദി ടീച്ചർ | 1 വർഷം | |

**ലക്ഷ്യം : വിവരാവകാശ നിയമത്തെ പരിചയപ്പെടുത്തൽ**

| പ്രവർത്തനങ്ങൾ | ചുമതല | കാലദൈർഘ്യം | സാമ്പത്തികം |
|---|---|---|---|
| * വിദ്യാർത്ഥികളുമായി പൊതുമേഖലാ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രസ്തുത നിയമത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുക.<br>* നിയമവിദഗ്ധരുമായുള്ള കൂടിക്കാഴ്ചയിൽക്കൂടി വിവരാവകാശ നിയമത്തെക്കുറിച്ചുള്ള അറിവ് ശേഖരിക്കൽ. | ഹിന്ദി ടീച്ചർ | 1 മാസം | |

# ഭൗതിക ശാസ്ത്രം

**പ്രവർത്തനം – 1**
പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ | 1 വർഷം | അദ്ധ്യാപകർ | 5000 പിടിഎ |

**പ്രവർത്തനം – 2**
പ്രവർത്തനത്തിന്റെ പേര് : പഠനയാത്ര
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തൽ | NTPC,VSSC തുടങ്ങിയ കേന്ദ്രങ്ങൾ സന്ദർശിക്കൽ ഫാക്ടറി സന്ദർശനം | 1 ദിവസം വീതം | പ്രിൻസിപ്പൽ, അദ്ധ്യാപകർ, പി.ടി.എ. | പിടിഎ രക്ഷിതാക്കൾ |

**പ്രവർത്തനം – 3**
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രക്വിസ്
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തൽ | സ്കൂൾ തലത്തിൽ ശാസ്ത്രക്വിസ് സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. | മാസത്തിൽ 1 | അദ്ധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ |

**പ്രവർത്തനം – 4**

പ്രവർത്തനത്തിന്റെ പേര് : അടിസ്ഥാനപരമായ ഗണിത ശാസ്ത്ര അവബോധം സൃഷ്ടിക്കൽ വഴി ഫിസിക്സ് പഠനം എളുപ്പമാക്കൽ.

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാനപരമായ ഗണിതശാസ്ത്ര അവബോധം സൃഷ്ടിക്കുക വഴി ഭൗതികശാസ്ത്ര പഠനം എളുപ്പമാക്കാം | അടിസ്ഥാനപരമായ സമവാക്യങ്ങൾ പരിചയപ്പെടുത്താൻ ക്ലാസ്സുകൾ നടത്തുന്നു. | 1 മാസം | ഫിസിക്സ് കണക്ക് അദ്ധ്യാപകർ | |

**പ്രവർത്തനം – 5**

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അവബോധം സൃഷ്ടിക്കുക | ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ സ്കൂളിൽ ആയിരിക്കുന്നു. പോസ്റ്റർ പ്രദർശനം, ഉപന്യാസ മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു. | 1 വർഷം | പ്രിൻസിപ്പൽ അദ്ധ്യാപകർ സ്കൂളിലെ യൂണിറ്റുകൾ | |

**പ്രവർത്തനം – 6**

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പ്രദർശനം

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര അഭിരുചി വളർത്തൽ | സ്കൂളിന്റെ ശാസ്ത്ര പ്രദർശനം നടത്തുന്നു | 1 ദിവസം | പി.ടി.എ. പ്രിൻസിപ്പൽ അദ്ധ്യാപകർ | പി.ടി.എ. |

**പ്രവർത്തനം – 7**
പ്രവർത്തനത്തിന്റെ പേര് : ഉപരിപഠന മേഘലകൾ പരിചയപ്പെടുത്തൽ
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉപരിപഠന മേഖല കൾ കുട്ടികളെ പരിചയപ്പെടുത്തൽ | വിദഗ്ദ്ധരുടെ ക്ലാസ്സുകൾ പൂർവ്വ വിദ്യാർത്ഥികളുമാ യുള്ള സംവാദം | 1 വർഷം | കരിയർ ഗൈഡൻസ് അധ്യാപിക അധ്യാപകർ പ്രിൻസിപ്പൽ | പി.ടി.എ. |

**പ്രവർത്തനം – 8**
പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമേളകൾ
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാ ണെന്ന് മനസ്സിലാക്കുക | ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. ഉപജല്ലാ ശാസ്ത്രമേളയിൽ സജീവ പങ്കാളിത്തം | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. പ്രിൻസിപ്പൽ അദ്ധ്യാപകർ | പി.ടി.എ. |

**പ്രവർത്തനം – 9**
പ്രവർത്തനത്തിന്റെ പേര് : ലൈബ്രറി ശാക്തീകരണം
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി ശാക്തീ കരിക്കുകവഴി കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | ശാസ്ത്രവിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥങ്ങൾ ലൈബ്രറിയിൽ എത്തിക്കു കയും കുട്ടികൾക്ക് വായിക്കാൻ കൊടുക്കു കയും ചെയ്യുന്നു. ആനുകാലിക ലേഖനങ്ങൾ, സയൻസ് ജേർണലുകൾ എന്നിവ ലൈബ്രറിയിൽ എത്തിക്കുന്നു. ഡിജിറ്റൽ ലൈബ്രറി സജ്ജമാക്കുന്നു | 1 വർഷം | മാനേജ്മെന്റ് പി.ടി.എ. അദ്ധ്യാപകർ | 10,000/- മാനേജ്മെന്റ് പി.ടി.എ. |

**പ്രവർത്തനം – 10**

പ്രവർത്തനത്തിന്റെ പേര് : റീ മെഡിക്കൽ ക്ലാസ്സ്
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിൽ താൽപര്യം ഉണ്ടാക്കുകവഴി റിസൾട്ട് മെച്ചപ്പെടുത്തുക | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് റീമെഡിക്കൽ ക്ലാസ് കൂടുതൽ ലളിതമായി ക്ലാസുകൾ എടുക്കുന്നു | 1 വർഷം | അദ്ധ്യാപകർ<br>പി.ടി.എ.<br>പ്രിൻസിപ്പൽ | |

**പ്രവർത്തനം – 11**

പ്രവർത്തനത്തിന്റെ പേര് : ഊർജ്ജസംരക്ഷണം, പരിസ്ഥിതി അവബോധം
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഊർജ്ജസംരക്ഷണം, ജലസംരക്ഷണം, മലിനീകരണം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | ഊർജ്ജസംരക്ഷണം, ജലസംരക്ഷണം എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നു. ഗ്രീൻ ഹൗസ് ഇഫക്ട്, ഓസോൺ പാളിയിലെ വിള്ളൽ എന്നിവ എങ്ങനെ പരിഹരിക്കാം എന്ന് ചർച്ചകൾ നടത്തുന്നു. പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് എന്നിവ പ്രകൃതിക്ക് ദോഷംവരാതെ സംസ്കരിക്കുന്നതിനെപ്പറ്റി ക്ലാസ്സുകൾ നടത്തുകയും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. | 1 വർഷം | പി.ടി.എ.<br>പ്രിൻസിപ്പൽ<br>അദ്ധ്യാപകർ | മാനേജ്മെന്റ്<br>പി.ടി.എ. |

# രസതന്ത്രം

**പ്രവർത്തനം – 1: ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിസംരക്ഷണത്തിൽ ഭാവിതലമുറയായ കുട്ടികളുടെ പങ്കിനെക്കുറിച്ച് ബോധ്യപ്പെടുത്തുന്നു. | പ്രത്യേക ക്ലാസ്സുകൾ, ചിത്രരചനാ മത്സരം, പോസ്റ്റർ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | അദ്ധ്യാപകർ എൻ.എസ്.എസ്. | പി.ടി.എ. |

**പ്രവർത്തനം – 2 : പഠനയാത്ര/ഫാക്ടറി സന്ദർശനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസതന്ത്രവും വ്യവസായവും തമ്മിലുള്ള ബന്ധം | ഐ.ആർ.ഇ., കെ.എം.എം.എൽ. ഇവിടേക്കുള്ള സന്ദർശനം | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. പ്രിൻസിപ്പൽ അദ്ധ്യാപകർ | 10,000/- |

**പ്രവർത്തനം – 3: ശാസ്ത്രപ്രദർശനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂളിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുകയും മികച്ച വിദ്യാർത്ഥികളെ ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രാധ്യാപകൻ, എൻ.ജി. വിദ്യാർത്ഥികൾ, പി.ടി.എ. | |

**പ്രവർത്തനം – 4 : ക്ലാസ്സ് സംഘടിപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപരിപഠന സാധ്യതകളെക്കുറിച്ച് അവബോധം വളർത്തുക | വിദഗ്ദ്ധരുടെ ക്ലാസ്സുകൾ ഉന്നതപഠനത്തിലേർപ്പെട്ടിരിക്കുന്ന പൂർവ്വവിദ്യാർത്ഥികളുമായി സംവാദം | വർഷത്തിൽ ഒരിക്കൽ | അധ്യാപിക | |

**പ്രവർത്തനം – 5 : പ്രൊജക്ട് വർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസതന്ത്രത്തിലെ ഗവേഷണസാധ്യതകളെക്കുറിച്ച് പരിചയപ്പെടുത്തുന്നതിന് | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ കുട്ടികൾ ഗ്രൂപ്പായി അവതരിപ്പിച്ച് മികച്ച പ്രൊജക്ടിന് സമ്മാനം നൽകുന്നു. | വർഷത്തിൽ ഒരിക്കൽ | അധ്യാപിക | 3,000/- |

# മാസ്റ്റർ പ്ലാൻ – സയൻസ്

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| 1. പ്രീടെസ്റ്റ് ചോദ്യപേപ്പർ നിർമ്മാണം<br>2. പ്രീടെസ്റ്റ് നടത്തൽ<br>3. മൂല്യനിർണ്ണയം<br>4. ഗ്രൂപ്പ് രൂപീകരണം<br>5. പരിഹാരബോധന പ്രവർത്തനം | 1 വർഷം | 7, 8, 9, 10 | സയൻസ് അടിസ്ഥാന ആശയങ്ങൾ കൈവരിക്കൽ |
| • ഉപപ്രവർത്തനം (കുട്ടിയെ അറിയൽ)<br>• ഒത്തശേഖരണ ഫോർമാറ്റ് വികസിപ്പിക്കൽ<br>• ഒത്തശേഖരണം<br>• കൗൺസിലിംഗ് ക്ലാസ്സുകൾ<br>• പഠന കൂട്ടായ്മ | ജൂൺ, ജൂലൈ | 8, 9, 10 | കുട്ടികളുടെ കഴിവുകൾ തിരിച്ചറിയുക |
| • ലാബ് പ്രവർത്തനങ്ങൾ<br>• കുട്ടികളുടെ എണ്ണം അനുസരിച്ച് ലാബ് സൗകര്യങ്ങൾ ക്രമീകരിക്കൽ<br>• ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക<br>• എല്ലാ ക്ലാസ്സ് മുറികളിലും സ്വയം പഠനം, സംഘപഠനം, ഐ.സി.റ്റി. എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ<br>• സയൻസ് മാഗസിൻ നിർമ്മാണം<br>• നിരന്തര മൂല്യനിർണ്ണയം<br>• പരിഹാരബോധന പ്രവർത്തനങ്ങളോട് ഇഴചേർക്കൽ<br>• ക്ലാസ്സ് മുറിയിൽ ജ്ഞാന നിർമ്മിതിയെ പ്രോത്സാഹിപ്പിക്കുന്ന മൂല്യനിർണ്ണയ ഉപാധികൾ പ്രോത്സാഹിപ്പിക്കുക | മെയ് | | |
| • ക്ലാസ്സ്റൂം പ്രവർത്തനങ്ങൾക്ക് പാഠ്യപദ്ധതി ആവശ്യപ്പെടുന്ന അത്രയും ദിനത്തിൽ ലഭ്യമാകുന്ന രീതിയിൽ മേളകളും മറ്റ് പ്രവർത്തനങ്ങളും ക്രമീകരിക്കുക | 4 മാസം | 6, 7, 8, 9, 10 | |
| • ജൈവവൈവിദ്ധ്യ പാർക്ക്: പ്രകൃതിയെ അടുത്തറിയുന്നപരിസരം ഒരു പാഠപുസ്തകം എന്ന ആശയത്തിലൂന്നി പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനുവേണ്ടി ജൈവവൈവിദ്ധ്യ പാർക്ക് രൂപീകരിക്കുന്നു. ഇതിന്റെ ഭാഗമായി ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു പരിഛേദം രൂപപ്പെടുത്തുക<br>• വൈവിദ്ധ്യമാർന്ന സസ്യങ്ങളും ശലഭങ്ങളും സൂക്ഷ്മജീവികളും ഫലവൃക്ഷങ്ങളും വളർത്തുക<br>• കുളം, ഔഷധോദ്യാനം, ശലഭോദ്യാനം എല്ലാം ഇതിന്റെ ഘടകങ്ങളാക്കുക<br>• ശാസ്ത്രപഠനം കണ്ടും അനുഭവിച്ചും മനസ്സിലാക്കുക | 1 വർഷം | 6, 7, 8, 9, 10 | പ്രകൃതിയെ അടുത്തറിയുക<br>പ്രകൃതിയെ സ്നേഹിക്കുക |

# ജന്തുശാസ്ത്രം

## വിഷൻ

സമൂഹ നന്മയ്ക്ക് പറ്റിയ വിധത്തിൽ കുട്ടികളിൽ ജന്തുശാസ്ത്ര അവബോധം ഉണ്ടാക്കുക, അറിവുകൾ പൊതുജനങ്ങൾക്കായും മറ്റും പ്രയോജനപ്പെടുത്തുക.

## ലക്ഷ്യങ്ങൾ

1. സാമൂഹ്യസേവനം
2. ഉപരിപഠനം
3. പരിസ്ഥിതി സംരക്ഷണം
4. ഗവേഷണം
5. ശാസ്ത്രകണ്ടെത്തലുകൾ

## പ്രവർത്തനങ്ങൾ

1. കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലുള്ള അറിവ് പ്രദർശിപ്പിക്കുന്നതിന് ശാസ്ത്രമേളകളും പ്രദർശനങ്ങളും സ്കൂൾ തലത്തിൽ നടത്തണം.
2. ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടിയുടെ അറിവ് വികസിപ്പിക്കുന്നതിന് പറ്റിയ പരിശീലന പരിപാടി അദ്ധ്യാപകരുടേയും ശാസ്ത്രജ്ഞന്മാരുടേയും നേതൃത്വത്തിൽ നടത്തണം.
3. സ്കൂളിൽ നിന്ന് ഉന്നതനിലയിൽ വിജയിച്ച് തൊഴിൽ നേടിയ വിദഗ്ദ്ധ വ്യക്തികളെ വിദ്യാർത്ഥികളുമായി സംവദിക്കാൻ അവസരം ഒരുക്കണം.
4. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോളജി ലാബ് സജ്ജീകരിക്കണം.
5. ലൈബ്രറി സൗകര്യത്തോടുകൂടിയ സ്മാർട്ട് ക്ലാസ്റൂമുകൾ ജീവശാസ്ത്രപഠനത്തിനായി ഒരുക്കണം.
6. മൈക്രോ ബയോളജി, ബയോടെക്നോളജി , ബയോ കെമിസ്ട്രി തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കണം.
7. ഗവേണ കേന്ദ്രങ്ങൾ സന്ദർശിച്ച് വിദഗ്ദ്ധരായ ശാസ്ത്രജ്ഞന്മാരുടെ മേഖലകളിൽ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കായി ഒരുക്കണം.
8. ബോട്ടാണിക്കൽ ഗാർഡൻ, മ്യൂസിയം, കാഴ്ചബംഗ്ലാവ് ഇവയുടെ സന്ദർശനം നടത്തണം.
9. സ്റ്റഡിടൂറുകൾ പ്രധാനമായും പഠനത്തിന് കൂടുതൽ മുൻതൂക്കം കൊടുത്തുകൊണ്ട് വന്യമൃഗസംരക്ഷണ കേന്ദ്രം , ഗവേഷണ കേന്ദ്രങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഉൾപ്പെടുത്തി നടത്തണം.
10. സ്കൂളിലെ ജീവശാസ്ത്ര അനുബന്ധ പ്രവർത്തനങ്ങൾ സയൻസ്ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ നടത്തണം.
11. സ്കൂളിലെ ശാസ്ത്രമാസികകൾ ബയോളജി ലൈബ്രറിയിൽ ലഭ്യമാക്കണം.
12. ശാസ്ത്രവാർത്തകളും പ്രധാന ശാസ്ത്രസംബന്ധിയായ പത്രവാർത്തകളും പ്രദർശിപ്പിക്കാൻ നോട്ടീസ് ബോർഡ് ഒരുക്കണം.
13. കാവുകൾ സന്ദർശിക്കുക അവയുടെ ജൈവ വൈവിധ്യത്തെ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യുക.
14. കണ്ടൽ കാട് സന്ദർശിക്കുക

## സാമ്പത്തിക സഹായം

അധ്യാപിക, പ്രിൻസിപ്പൽ, പി.ടി.എ

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയം** - **സസ്യശാസ്ത്രം**

**മുഖ്യലക്ഷ്യങ്ങൾ** - സസ്യശാസ്ത്രപഠനം ലളിതവും താൽപര്യവും ഉള്ളതാക്കുക.

- ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയെ ക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കൽ.
- ജൈവ വൈവിധ്യ സംരക്ഷണ ജീവിതചര്യയാക്കി മാറ്റാൻ പ്രേരിപ്പിക്കൽ.

| പ്രശ്നം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവവൈവിദ്ധ്യ സംരക്ഷണ അവബോധം ഇല്ലായ്മ. വിഷയത്തോടുള്ള താൽഷര്യക്കുറവ് | ജൈവ പാഠനിർമ്മാണ പ്രവർത്തനങ്ങൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് തുടങ്ങിവയ്ക്കുക. സ്കൂൾ പരിസരത്തുള്ള സസ്യങ്ങളെ തിരിച്ചറിയൽ 11, 12 ക്ലാസ്സിലെ കുട്ടികളുടെ | ജൈവ പാഠ നിർമ്മാണ പ്രവർത്തനങ്ങൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് തുടങ്ങിവയ്ക്കുക. | | |

| പ്രശ്നം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഒരു സംഘപ്രവർത്തനമായി വിവരങ്ങൾ ശേഖരിക്കുന്നു.<br>• സസ്യങ്ങളുടെ പ്രത്യേകതകളും ഉപയോഗങ്ങളും അവയുടെ പ്രാദേശിക നാമങ്ങളും മലയാളം, ബയോളജി അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി കണ്ടെത്തുന്നു.<br>• വിവിധ സസ്യങ്ങളുടെ പേരുകൾ, ശാസ്ത്രനാമ ഉപയോഗം എന്നിവ അടങ്ങിയ ബോർഡ് തയ്യാറാക്കൽ.<br>• ശേഖരിച്ച വസ്തുതകൾ ചിടടപ്പെടുത്തുന്നു.<br>• ജൈവപാഠ മാഗസിൻ നിർമ്മിക്കുന്നു.<br>• ചുറ്റുപാടിൽനിന്ന് ഔഷധ സസ്യങ്ങളെ കണ്ടെത്തി അവടെ സംരക്ഷിക്കാൻ കൂട്ടായി തീരുമാനിക്കുന്നു. നടപ്പാക്കുന്നു. | 2018 ജൂൺ 5 മുതൽ ഫെബ്രുവരി 2 വരെ | | |

| പ്രശ്നം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ ത്തെക്കുറിച്ചുള്ള അറിവി ല്ലായ്മ | സ്കൂൾ പരിസരത്തുള്ള അപൂർവ്വവും ഔഷധഗുണ മുള്ളതുമായ നാടൻ സസ്യ ങ്ങളുടെ ഹെർബേറിയം തയ്യാറാക്കൽ | | | |
| സസ്യങ്ങളുടെ വംശ നാശം വരുത്തുന്ന പരി ണിത ഫലങ്ങളെക്കുറി ച്ചുള്ള അറിവില്ലായ്മ | • ശേഖരിച്ച സസ്യങ്ങളുടെ വിശദവിവരങ്ങൾ ഹെർബേ റിയം ഷീറ്റിൽ രേഖപ്പെടുത്തു ന്നു.<br>• വംശനാശംവന്ന സസ്യ ങ്ങളെ കണ്ടെത്തി സംരക്ഷി ക്കാൻ തീരുമാനിക്കുന്നു.<br>• കാവുകൾ, കുളങ്ങൾ എന്നിവയുടെ പ്രാധാന്യം കണ്ടെത്തി അവയെ സംര ക്ഷിക്കാൻ തീരുമാനിക്കു ന്നു.<br>• പരിസ്ഥിതി സംരക്ഷണ വുമായി ബന്ധപ്പെട്ട വാർത്ത കൾ, കൗതുകപരമായ വസ്തുക്കൾ എന്നിവ കണ്ട ത്തുകയും ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് പ്രദർശി പ്പിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | | |

## അടിസ്ഥാനശാസ്ത്രം- പഠനപദ്ധതി 2018-2019

8, 9, 10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷിപ്പുകളും നേടാൻ കഴിയുന്നില്ല. കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല. ശാസ്ത്രമനോഭാവം എല്ലാകുട്ടികളിലും വികസിപ്പിക്കുന്നതിൽ പരിമിതയുണ്ട്. പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയത്തിന്റെ ബാഹുല്യം, പഠനസമയത്തിന്റെ കുറവ്, ഐ.സി.റ്റി അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ ആസത്രണത്തിലെ പരിമിതി എന്നിവ കുട്ടികളുടെയും പഠനനേട്ടം ഉറച്ചുവരുന്നതിൽ തടസ്സം ആകുന്നു.

പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

- ശാസ്ത്രപഠനത്തിന് സഹായകമായ ക്ലാസ്സ് മുറികളുടെ അഭാവം
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൗകര്യം ഇല്ല.
- ക്ലാസ്സ്മുറികൾ ഐ.സി.റ്റി. പഠനത്തിന് യോജിച്ചതിൽ

### മുന്നൊരുക്കം -പരിഹാരം

- താഴ്ന്ന ക്ലാസ്സുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക.
- ഇതിനായി പ്രീടെസ്റ്റിലൂടെ നിലവാരനിർണ്ണയം നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവാരം മോശമായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു. ക്ലാസ്സ്മുറികൾ, സ്വയംപഠനം, സഹപഠനം, സംഘപഠനം ഇവയ്ക്ക് അനുയോജ്യായി ക്രമീകരിക്കുന്നു.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായുള്ള ലാബ്സൗകര്യം മെച്ചപ്പെടുത്തുക
- സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിക്കുക.
- നിലവാരം കുറഞ്ഞ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ പരീക്ഷണങ്ങലും നിഗമനങ്ങളും രൂപീകരിക്കാനുള്ള അവസരം നൽകുക.
- ആവശ്യമായ ചാർട്ടുകൾ, മോഡലുകൾ, സ്ലൈഡുകൾ, റഫറൻസിനുള്ള പുസ്തകങ്ങൾ ഇവ ലഭ്യമാക്കുക.

## ഗണിതശാസ്ത്രപഠനം

1. അടിസ്ഥാന ഗണിതക്രിയകളായ കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നീ ക്രീയകൾ ചെയ്യുന്നതിനുള്ള ശേഷി നേടുന്നത്.
2. ചിന്തയുടെ ഗണിതവൽക്കരണം സാധ്യമാകുന്ന തരത്തിലുള്ള പ്രശ്നങ്ങൾ കുട്ടികൾക്ക് അനുഭവവേദ്യമാക്കുന്നത്.
3. അടിസ്ഥാന ജാമിതീയരൂപങ്ങളുടെ നിർമ്മിതികൾ പരിശീലിക്കുന്നതും അവയുടെ ഗണിതയുക്തി തിരിച്ചറിയുന്നതും.
4. ഗണിതാശയങ്ങളുടെ തുടർച്ചയും വളർച്ചയും കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്ന തരത്തിൽ പഠനാനുഭവങ്ങൾ ഒരുക്കുന്നത്.
5. ജാമിതിയുടെ ചലനാത്മകത ബോധ്യപ്പെടുത്തുന്ന പഠനനാനുഭവങ്ങൾ ഒരുക്കുന്നത്.
6. കുട്ടികളിൽ യുക്തിചിന്തയും ശാസ്ത്രീയ മനോഭാവവും വളർത്തിയെടുക്കുന്നതും കാര്യകാരണ സഹിതം സാഹചര്യങ്ങളെ വിലയിരുത്തുന്നതിനുള്ള ശേഷി നേടുന്നത്.
7. സംഖ്യാബന്ധങ്ങളെ ജാമിതീയമായി അവതരിപ്പിക്കുന്നതിനും ബീജഗണിതപരമായി വിശകലനം ചെയ്യുന്നതും.

# അപ്പർ പ്രൈമറി വിഭാഗം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | അടിസ്ഥാന ജ്യാമിതീയാശയങ്ങൾ പരിശീലിക്കുന്നതും പ്രയോഗിക്കുന്നതും | അഞ്ചാംക്ലാസ് ത്രികോണം, ചതുരം, സമചതുരം എന്നിവയുടെ പരപ്പളവും ചുറ്റളവും കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. ഇതിനായുള്ള വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. ഡബിൾ ക്യാപ്പ് പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക്ഷീറ്റുകൾ ജോമിട്രിക്കൽ ചാർട്ടുകൾ തയ്യാറാക്കുന്നത്. | മദ്ധ്യകാല പ്രവർത്തനം, തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 2. | സംഖ്യാക്രിയകൾ, പാറ്റേൺ രൂപീകരിക്കൽ, നമ്പർ ചാർട്ട് നിർമ്മാണം ചിന്തയുടെ ഗണിതവൽക്കരണം | അടിസ്ഥാന സംഖ്യാക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ ചാർട്ടുകളാക്കി നൽകുന്നു. സംഖ്യാപാറ്റേണുകൾ നമ്പർ ചാർട്ട് നിർമ്മാണക്കളരി | മദ്ധ്യകാല പ്രവർത്തനം, തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായി പൂർത്തിയാക്കേണ്ടത് | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 3. | പാഠപുസ്തക വിനിമയം | നാലാം ക്ലാസ്സ് | | | | |

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| | നിരന്തര മൂല്യനിർണ്ണയം | ഡബിൾ സ്കാപ്പ് പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ. പാഠപുസ്തകത്തിലെ ഓരോഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്റ്റ് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ് ടെസ്റ്റിന്റെയും ടെർമിൽ മൂല്യനിർണ്ണയ മാതൃകയും ഉണ്ടായിരിക്കണം. | മദ്ധ്യകാല പ്രവർത്തനം, തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 4. | ഗണിതപഠനം തനതുപ്രവർത്തനങ്ങളിലൂടെ മുന്നേറുന്നത് | ആറാക്ലാസ്സ് ഗണിതലാബ് പ്രവർത്തനങ്ങൾ. അഞ്ച് പ്രാക്ടിക്കലുകൾ ചേർത്ത് ഒരു സൈക്കിൾ പൂർത്തിയാക്കുന്നു. നിർമ്മിതികൾ, പാറ്റേണുകൾ,പസിലുകൾ, കടം കഥകൾ, വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്താം. ഇവ സബ്ജക്റ്റ് കൗൺസിലിൽ തീരുമാനിക്കുന്നു. | തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ മദ്ധ്യകാലപ്രവർത്തനങ്ങൾ | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 5. | പാഠപുസ്തക വിനിമയം നിരന്തരമൂല്യനിർണ്ണയം | ആറാംക്ലാസ്സ് ഡബിൾ സ്കാപ്പ് പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ. പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി | മദ്ധ്കാലപ്രവർത്തനം | സബ്ജക്ട് | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാദ്ധ്യത ഇല്ല |

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| | | ടീച്ചർ സബ്ജക്ട് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ് ടെസ്റ്റിന്റെയും ടെർമിനൽ മൂല്യനിർണ്ണയ മാതൃകയും ഉണ്ടായിരക്കണം. | തുടർപ്രവർത്തനം | കൗൺസിൽ, എസ്.ആർ.ജി | അനുയോജ്യമായ വെബ്സൈറ്റുകൾ | സാമ്പത്തിക ബാധ്യത ഇല്ല |
| 6. | ഗണിതപഠനം തനതുപ്രവർത്തനങ്ങളിലൂടെ മുന്നേറുന്നത് | ഏഴാംക്ലാസ്സ് ഗണിതലാബ് പ്രവർത്തനങ്ങൾ. അഞ്ച് പ്രാക്ടിക്കലുകൾ ചേർത്ത് ഒരു സൈക്കിൾ പൂർത്തിയാക്കുന്നു. നിർമ്മിതികൾ, പാറ്റേണുകൾ,പസിലുകൾ, കടം കഥകൾ, വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്താം. ഇവ സബ്ജക്ട് കൗൺസിലിൽ തീരുമാനിക്കുന്നു. ഗണിതക്വിസ് മത്സരങ്ങൾ ഗണിതശാസ്ത്രമേളയിലെ പങ്കാളിത്തം | തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ മദ്ധ്യകാലപ്രവർത്തനങ്ങൾ | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി പി.റ്റി.എ. | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 7. | തനതുപ്രവർത്തനങ്ങളുടെ ശില്പശാല | നമ്പർ ചാർട്ട്, ജോമിട്രിക്കൽ ചാർട്ട്, മോഡലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | റിസോഴ്സ് പേഴ്സനെ കണ്ടെത്തി നടപ്പാക്കുന്നത് | റഫറൻസ് ബുക്കുകൾ നടപ്പാക്കുന്നത് | പി.റ്റി.എ. |
| 8. | പാഠപുസ്തക വിനിമയം നിരന്തരമൂല്യനിർണ്ണയം | നാലാംക്ലാസ്സ് ഡബിൾ സ്കാപ്പ് പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ. പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്ട് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ് ടെസ്റ്റിന്റെയും ടെർമിൽ മൂല്യനിർണ്ണയ മാതൃകയും ഉണ്ടായിരിക്കണം. | മദ്ധ്യകാല പ്രവർത്തനം, തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, | |

## ഹൈസ്കൂൾ വിഭാഗം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 9. | പാഠപുസ്തകവിനിമയം നിരന്തരമൂല്യനിർണ്ണയം | എട്ടാംക്ലാസ്സ് ഡബിൾ സ്കാപ്പ് പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ, പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്ട് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ്സ് ടെസ്റ്റിന്റെയും ടേർമിൽ മൂല്യനിർണ്ണയ മാതൃകയും ഉണ്ടായിരിക്കണം. | മദ്ധ്യകാലപ്രവർത്തനം, തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 10. | അന്വേഷണാത്മക ഗണിതപഠനം: സെമിനാർ | മൂന്നാംക്ലാസ്സ് മുതൽ എട്ടാംക്ലാസ്സ് വരെയുള്ള പാഠഭാഗങ്ങളിൽനിന്നും ത്രികോണങ്ങളെക്കുറിച്ചുള്ള പാഠ്യവസ്തുക്കൾ ശേഖരിച്ച് ത്രികോണപഠനത്തിന്റെ തുടർച്ചയും വളർച്ചയും വിശകലനം ചെയ്ത് സെമിനാർ അവതരിപ്പിക്കുന്നു. മറ്റൊരുഗ്രൂപ്പിൽ സംഖ്യാബന്ധങ്ങളുടെ വളർച്ചയും വികാസവും വ്യക്തമാക്കുന്ന സെമിനാർ തയ്യാറാക്കുന്നു. | മദ്ധ്യകാല പ്രവർത്തനം, | ഗ്രൂപ്പ് വർക്ക് സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ് ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 12. | ചിന്തയുടെ ഗണിതവൽക്കരണം | പസ്സിൽ ഹണ്ട് ആഴ്ചയിൽ ഒരു പസ്സിൽവീതം നോട്ടീസ് ബോർഡിൽ എഴുതിയിടുന്നു. അത് ഏറ്റവും കലാപരമായാണ് പ്രദർശിപ്പിക്കേണ്ടത്. പസ്സിൽ ബോക്സിൽ കുട്ടികൾ ഉത്തരമെഴുതിയിടാം. ഉചിതമായ രീതിയിൽ മൂല്യനിർണ്ണയം ചെയ്ത് വർഷാവസാനം സമ്മാനങ്ങൾ നൽകാം. | മദ്ധ്യകാല പ്രവർത്തനം, ക്ലബ്ബ് പ്രവർത്തനം | ഗണിതാധ്യാപകൻ | ശേഖരിച്ച പസ്സിലുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 13. | സാമാന്യബോധത്തിന്റെയും ഗണിതയുക്തിയുടെയും പ്രയോഗത്തിലൂടെ സാധ്യമാകുന്ന പഠനപ്രവർത്തനങ്ങൾ | സൈദ്ധാന്തികതയും പ്രായോഗികതയും നിറഞ്ഞുനിൽക്കുന്ന പാഠപുസ്തകത്തിലെ ഓരോയൂണിറ്റുകളും നിരവധി വർക്ക്ഷീറ്റുകളാക്കി മാറ്റുന്നത്. അവ ദൈനംദിന ഗണിതപഠനത്തിനായി ഉപയോഗിക്കുന്നത് | ഒരുവർഷം നീണ്ടുനിൽക്കുന്ന ദൈനംദിനാസൂത്രണം | ഗണിതാധ്യാപകർ, സബ്ജക്ട് കൗൺസിൽ | ടീച്ചർ ലോക്കൽ ടെക്സ്റ്റ്, പാഠപുസ്തകം നിരവധി വെബ് സൈറ്റുകൾ | പി.റ്റി.എ. |
| 14. | തുടർമൂല്യനിർണ്ണയം | അന്വേഷമാത്മക പഠനപ്രവർത്തനങ്ങൾ (പ്രോജക്ട്), സൃഷ്ടിപരമായ പ്രവർത്തനങ്ങൾ, പ്രായോഗികപ്രവർത്തനങ്ങൾ ഒരു *** ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം ഏറ്റെടുത്ത് ചെയ്യുന്നതായി ആസൂത്രണം ചെയ്യുന്നു. പ്രവർത്തനങ്ങൾ സബ്ജക്ട് കൗൺസിലിൽ തീരുമാനിക്കുന്നത് | തുടർമൂല്യനിർണ്ണയ | സബ്ജക്ട് കൗൺസിൽ | ടീച്ചർ ലോക്കൽ ടെക്സ്റ്റ്, വെബ് | പ്രത്യേക സാമ്പത്തിക |
| 15 | തുടർപ്രവർത്തനങ്ങൾ നടപ്പാക്കുന്നത് | പത്താംക്ലാസ്സ്<br>പ്രിന്റ് ചെയ്ത് നൽകുന്ന വർക്ക്ഷീറ്റുകൾ തുടർച്ചയായ റിവിഷന വർക്കുകൾ മൈക്രോ ടെസ്റ്റ് | ഹ്രസ്വകാല പ്രവർത്തനങ്ങൾ | ഗണിതാധ്യാപകൻ | മുൻകൂട്ടി | |

# ഗണിതശാസ്ത്രം

പ്രവർത്തനം. 1 **ഗണിതശാസ്ത്രക്വിസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിതശാസ്ത്രത്തോടുള്ള താൽപ്പര്യവും അറിവും വളർത്തൽ | സ്കൂളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും മികച്ച വിദ്യാർത്ഥികളെ ജില്ല - സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. | ഹ്രസ്വകാലം | പ്രിൻസിപ്പൽ<br>അധ്യാപിക |

പ്രവർത്തനം. 2 **ഗണിതശാസ്ത്ര സെമിനാർ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിതശാസ്ത്രത്തിന്റെ പ്രത്യേക മേഖലയിൽ പ്രാവീണ്യം നേടൽ | വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, ഉന്നതപഠനത്തിലേർപ്പെട്ടിരിക്കുന്ന പൂർവ്വ വിദ്യാർത്ഥികളുമായി സംവാദം. | ഹ്രസ്വകാലം | അധ്യാപിക |

പ്രവർത്തനം. 3 **ആൽബം തയ്യാറാക്കൽ– ഗണിതശാസ്ത്രജ്ഞരുടെ സംഭാവനകൾ ഉൾപ്പെടുത്തിയത്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത ശാസ്ത്രജ്ഞരെയും അവരുടെ സംഭാവനകളെയും മനസ്സിലാക്കാനും ഗണിതശാസ്ത്രത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും ചിന്തിക്കുവാനും | കുട്ടികൾ ഗ്രൂപ്പായി വിവരങ്ങൾ ശേഖരിക്കുകയും മികച്ച ആൽബത്തിന് സമ്മാനം നൽകുകയും ചെയ്യുന്നു. | ഹ്രസ്വകാലം | അധ്യാപിക |

പ്രവർത്തനം. 4 **ഗണിതലാബ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത ശാസ്ത്രപരമായ ആശയങ്ങൾ പരീക്ഷണങ്ങളിലൂടെ കണ്ടെത്താൻ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ സ്റ്റിൽ മോഡലുകൾ വർക്കിംഗ് മോഡലുകൾ, ഗ്രാഫുകൾ, സ്പൈഡ് ഷോ എന്നിവ നിർമ്മിക്കുന്നു. | ദീർഘകാലം | പി.ടി.എ.<br>പ്രിൻസിപ്പൽ<br>അധ്യാപിക |

പ്രവർത്തനം. 5 **ശാസ്ത്രപ്രദർശനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|
| ഗണിത ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂളിൽ ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | ശാസ്ത്രാധ്യാപകർ,<br>എൻജിനീയറിംഗ് വിദ്യാർത്ഥികൾ,<br>പി.ടി.എ. |

# ആമുഖം

ഉപരിപഠനം എൻജിനിയറിംഗിലും മെഡിസിനുലും മാത്രം സ്വപ്നം കണ്ടിരുന്ന ഒരു വിഭാഗം ആളുകൾ നമുക്കിടയിലുണ്ടായിരുന്നു. കോമേഴ്സ് പഠനത്തിലെ സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മയാവണം ഇങ്ങനെ ഒരു ചിന്താഗതി ഉണ്ടാവാൻ കാരണം. എന്നാൽ ഇന്ന് കൊമേഴ്സ് വിഷയങ്ങളുടെ പ്രാധാന്യവും ജോലി സാധ്യതകളും ജനങ്ങൾ മനസിലാക്കി തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായിട്ടായിരിക്കണം പ്ലസ് വൺ അഡ്മിഷൻ സമയത്ത് ചില വിദ്യാർത്ഥികളെങ്കിലും അവരുടെ ഓപ്ഷനായി കൊമേഴ്സ് കോംബിനേഷൻ തിരഞ്ഞെടുക്കുന്നതും പല സ്കൂളുകളിലും മറ്റു സബ്ജക്ടുകൾക്ക് മുൻപുതന്നെ കൊമേഴ്സ് വിഷയങ്ങളുടെ സീറ്റുകളിൽ അഡ്മിഷൻ പൂർത്തിയാവുന്നതും.

കൊമേഴ്സ് ഏറ്റവും ജോലിസാധ്യതകൾ ഉള്ള ഒരു മേഖലയായി വളർന്നിരിക്കുകയാണ്. നിരവധി ജോലി സാധ്യതകളും പ്രവർത്തനമേഖലങ്ങളും കൊമേഴ്സ് വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യവസായ വാണിജ്യമേഖലകളിൽ പല ഔദ്യോഗിക ചുമതലകൾക്കും നിയമപരമായ അധികാരം നൽകുന്ന സാമ്പത്തിക വൈദഗ്ധ്യമായ ചാർട്ടേഡ് അക്കൗണ്ടൻസി, ഇൻഷുറൻസ്, ഐ.ടി എന്നിവ ഇതിൽ ചിലതുമാത്രമാണ്. കംപ്യൂട്ടർ മേഖലയിൽ ജോലി സാധ്യതയുള്ള പലമേഖലകളിലേക്കും നീങ്ങുന്നതിനും +2 കൊമേഴ്സ് ഗ്രൂപ്പുകാർക്ക് സാധ്യമാക്കുന്നതാണ്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

1. എല്ലാ വിദ്യാർത്ഥികളും പഠന നേട്ടങ്ങൾ കൈവരുന്ന രീതിയിലുള്ള അധ്യായനം സാധ്യമാക്കുക.
2. തുടർപഠന സാധ്യതകളെക്കുറിച്ചും തന്മൂലമുള്ള ജോലി സാധ്യതകളെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക.
3. വിദ്യാർത്ഥികളിൽ ഉന്നതപഠനങ്ങൾ തുടങ്ങുന്നതിനുള്ള പ്രചോദനം ഉണ്ടാക്കിയെടുക്കുക.
4. ഇടയ്ക്കുവെച്ച് പഠനം നിന്നുപോയാലും പ്ലസ്ടു യോഗ്യതകൊണ്ട് മാത്രം ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള തൊഴിൽ വൈദഗ്ധ്യം ഉണ്ടാക്കിയെടുക്കുക.
5. ആധുനിക വാണിജ്യ മാധ്യമങ്ങളായ ഓൺലൈൻ ട്രേഡിംഗ്, ബാങ്കിംഗ്, ഓൺലൈൻ പർച്ചേസിംഗ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് അറിവും പരിശീലനവും നൽകുക.
6. കുട്ടികളിൽ സ്വയം സംരഭകത്വം വികസിപ്പിച്ചെടുക്കുക.
7. നിക്ഷേപ സാധ്യതകളെക്കുറിച്ചുള്ള അറിവ് ഉണ്ടാക്കിയെടുക്കുക.

## നേരിടുന്ന പ്രശ്നങ്ങൾ-അക്കാദമികം

1. വിദ്യാർത്ഥികളിൽ പരീക്ഷയ്ക്ക് സ്കോർ ചെയ്യുന്നതിന് വേണ്ടി മാത്രം പഠിക്കുന്നു.
2. കൊമേഴ്സുമായി ബന്ധപ്പെട്ട ആനുകാലിക വിവരങ്ങൾ ആർജിക്കാൻ ശ്രമിക്കുന്നില്ല.
3. കൊമേഴ്സ് സംബന്ധമായ പ്രായോഗിക വിവരങ്ങൾ മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ലക്ഷ്യം: എല്ലാ വിദ്യാർത്ഥികളുടേയും പഠന നിലവാരം മെച്ചപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| 1. പഠനസംബന്ധമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക | വിഷയത്തിന്റെ അധ്യാപകർ | ആഴ്ചയിൽ 2 മണിക്കൂറെങ്കിലും | |
| 2. യൂണിറ്റ് ടെസ്റ്റുകൾ നടത്തുക | വിഷയത്തിന്റെ അധ്യാപകർ | ഓരോ യൂണിറ്റിനും | |
| 3. വിഷയബന്ധിതമായ ക്വിസ് പ്രോഗ്രാമുകൾ നടത്തുക | വിഷയത്തിന്റെ അധ്യാപകർ | മാസത്തിൽ ഒരിക്കൽ | |
| 4. കൊമേഴ്സ് വിഷയത്തോട് ബന്ധപ്പെട്ട ആനുപാതിക പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക | ഒരു അധ്യാപകന് ചാർജ്ജ് കൊടുക്കുക | നിരന്തരം | |
| 5. ഐ.റ്റി. അധിഷ്ഠിത പഠനോപാധികൾ വിദ്യാർത്ഥികൾക്ക് ലഭ്യമക്കുക | വിഷയത്തിന്റെ അധ്യാപകൻ | നിരന്തരം | |
| 6. കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഗ്രൂപ്പ് നേതൃത്വം നൽകി പിയർ ഗ്രൂപ്പ് പഠനം പ്രോത്സാഹിപ്പിക്കുക | ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾ | നിരന്തരം | |
| 7. കൊമേഴ്സ് വിഷയസംബന്ധമായ പ്രായോഗിക അറിവുകൾ ആർജ്ജിക്കുന്നതിന് ഫീൽഡ് വിസിറ്റുകൾ സംഘടിപ്പിക്കുക. | വിഷയത്തിന്റെ അധ്യാപകർ | വർഷത്തിൽ രണ്ടുതവണയെങ്കിലും | |
| 8. ലാബുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി നവീനങ്ങളായ വാണിജ്യ ഇടപാടുകൾ പരിചയപ്പെടുത്തുക | വിഷയത്തിന്റെ അധ്യാപകർ | അനുബന്ധമായ യൂണിറ്റുകൾ പഠിപ്പിക്കുമ്പോൾ | |
| 9. ഓരോ ടെർമിനൽ പരീക്ഷകളിലും ഓരോ ക്ലാസ്സിലേയും ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികളെ അസംബ്ലിയിൽ വെച്ച് അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുക | പ്രിൻസിപ്പാൽ | ഓരോ ടെർമിനൽ പരീക്ഷയ്ക്ക് ശേഷവും | |

# സാമൂഹ്യശാസ്ത്രം

| Sl. No. | PROGRAMME | ACTIVITY | DURATION | MATERIALS | പിന്തുണ |
|---|---|---|---|---|---|
| 1. | പഠനപരമായ പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. സാമൂഹ്യശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>3. ചിത്രങ്ങൾ, വീഡിയോക്ലിപ്പുകൾ ഇവ നിരീക്ഷിച്ച് അഭിപ്രായം രേഖപ്പെടുത്തൽ<br>4. സ്കിറ്റ്, ഗാനം, ലഘുവിവരണം ഇവയിലൂടെ അവർനേടിയ അറിവുകളെ അവതരിപ്പിക്കൽ<br>5. വാക്കുകൾ, വാചകങ്ങൾ, ചിത്രരചന ഇവയിലൂടെ അവർനേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ | ഹ്രസ്വകാലം | മഹാന്മാരുടെ ചിത്രങ്ങൾ<br>വായനാ സാമഗ്രികൾ<br>ചരിത്രസംഭവങ്ങളുടെ ചിത്രങ്ങൾ, വീഡിയോ മുതലായവയുടെ പ്രദർശനം<br>ഡിജിറ്റൽ ലൈബ്രറി | BRC<br>DIET<br>SCERT<br>PTA<br>SRG<br>** |
| 2. | കുട്ടികളെ അവരുടെ പാഠപുസ്തകങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ കണ്ടെത്തുവാനും (മികച്ച സാമൂഹ്യശാസ്ത്ര പഠിതാവ്) | • പാഠഭാഗങ്ങൾ ഗ്രൂപ്പ്തലത്തിലും വ്യക്തിഗതമായും വായിച്ച് ആശയസ്വാംശീകരണം.<br>• ആശ്യസ്വാംശീകരണം ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ അനുബന്ധ പഠന സാമഗ്രികളുടെ ഉപയോഗപ്പെടുത്തൽ<br>• വർക്ക്ഷീറ്റുകൾ നൽകൽ അവയുടെ ഉത്തരങ്ങൾ കണ്ടെത്തൽ, ചർച്ചാകുറിപ്പുകൾ, വായനാകുറിപ്പുകൾ, ലഘുവിവരണം ഇവ എഴുതി അവതരിപ്പിക്കാൻ പ്രാപ്തരാക്കൽ | 6 മാസം | • പാഠപുസ്തകങ്ങൾ<br>• ലൈബ്രറി (സ്കൂൾ)<br>• സമീപപ്രദേശത്തെ ലൈബ്രറി<br>• ഐസിറ്റി സാധ്യതകളായ വീഡിയോ ക്ലിപ്പുകൾ, ചിത്രങ്ങൾ മുതലായവ | സമഗ്ര<br>BRC<br>DIET<br>SRG<br>Trs |

| Sl. No. | PROGRAMME | ACTIVITY | DURATION | MATERIALS | പിന്തുണ |
|---|---|---|---|---|---|
| | | • ദിനാചരണങ്ങൾ സമുചിതമായി ആചരിക്കാൻ/ആഘോഷിക്കാൻ- റിപ്പോർട്ട് അവതരിപ്പിക്കാൻ<br>• സ്കൂൾ ലൈബ്രറിയിൽ സാമൂഹ്യശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ, അധിക വിവരശേഖരണത്തിനായി ഇവ ഉപയോഗപ്പെടുത്തൽ<br>• സെമിനാറുകൾ സംഘടിപ്പിക്കൽ<br>• ഭൂപട വായന, മോഡൽ നിർമ്മാണം<br>• ചാർട്ടുകൾ, ചിത്രങ്ങൾ ഇവയുടെ നിർമ്മാണം<br>• പുതിയ ഐ.സി.റ്റി സാധ്യതയുടെ നിർമ്മാണത്തിന് കുട്ടികളെ സജ്ജരാക്കൽ | ഹ്രസ്വകാലം | റിസോഴ്സ് അധ്യാപകരെ വിളിച്ച് ക്ലാസ്സ് എടുപ്പിക്കൽ<br>മോഡലുകൾ, ചാർട്ടുകൾ, ചിത്രങ്ങൾ, ഭൂപടങ്ങൾ | |

# സാമൂഹ്യശാസ്ത്രം

| Sl. No. | PROGRAMME | ACTIVITY | DURATION | MATERIALS | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടികൾക്ക് സമൂഹത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സമൂഹത്തിൽ അവന്റെ സ്ഥാനം മനസ്സിലാക്കുന്നതിനും പ്രാപ്തനാക്കുന്നു. | • സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് പഠിച്ച്, സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നതിൽ പ്രശ്ന പരിഹാരത്തിനും അവരെ പ്രാപ്തരാക്കുന്നു.<br>• കുട്ടികളെ അവരവരുടെ ചുറ്റുപാടുകളുമായി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും മനസ്സിലാക്കുന്നതിനും സഹായിക്കൽ<br>• കാലാവസ്ഥയിലും പരിസരത്തിനും സംഭവിക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും അവയിൽ മനുഷ്യപ്രവർത്തനങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിനും<br>• നമ്മുടെ രാജ്യത്തിലെയും ലോകത്തിലെ മഹാന്മാരുടെയും സംഭാവനകൾ തിരിച്ചറിയുന്നതിനും, അവ നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് തിരിച്ചറിയുന്നതിനും<br>• ആധുനിക ശാസ്ത്രനേട്ടങ്ങൾ തിരിച്ചറിയുന്നതിനും ജീവിതത്തിൽ ഉപയോഗപ്പെടുത്തുവാൻ പ്രാപ്തമാക്കുന്നതിനും<br>• ആയാസരഹിതമായി പരീക്ഷയെ അഭിമുഖീകരിക്കുന്നതിന് കുട്ടികളെ പ്രാപ്തനാക്കുന്നതിന് | ഹ്രസ്വകാലം | വായനാ സാമഗ്രികൾ<br><br>പേപ്പർ കട്ടംഗ്സ്<br>വീഡിയോ ക്ലിപ്പുകൾ<br>കുറിപ്പുകൾ<br><br>ഗാനരൂപത്തിലാക്കിയ പാഠഭാഗങ്ങൾ<br>ചരിത്ര പുസ്തകങ്ങൾ<br>മഹാന്മാരുടെ ചിത്രങ്ങൾ<br>ചാർട്ടുകൾ<br>മോഡലുകൾ | |

# സാമൂഹ്യശാസ്ത്രം

| Sl. No. | PROGRAMME | ACTIVITY | DURATION | MATERIALS | പിന്തുണ |
|---|---|---|---|---|---|
| 4. | ഭൂപട വായനയ്ക്ക് പ്രാപ്തനാക്കുന്നു. | • വ്യത്യസ്ത ഭൂപടങ്ങൾ തിരിച്ചറിയൽ<br>• അടയാളങ്ങൾ, നിറങ്ങൾ, തോത് ഇവ തിരിച്ചറിയുന്നതിന്<br>• പ്രാദേശിക ഭൂപടങ്ങളും മറ്റും തയ്യാറാക്കുന്നതിന്<br>• ഐ.സി.റ്റി. സാധ്യത ഉപയോഗപ്പെടുത്തി പുതിയ വീഡിയോകൾ, ചിത്രങ്ങൽ, ഗ്രാഫുകൾ, ഭപടങ്ങൾ, ഗ്രാഫുകൾ ഇവ തയ്യാറാക്കാൻ പ്രാപ്തനാക്കാൻ<br>• ഡിജിറ്റൽ ആൽബം, പ്രൊജക്ടുകൾ, ചിത്രഗാലറി,, മോഡലുകൾ, കയ്യെഴുത്ത് പ്രതികൾ ഇവ തയ്യാറാക്കുന്നതിന്. | ഹ്രസ്വകാലം | വിവിധതരം ഭൂപടങ്ങൾ<br>മോഡലുകൾ<br>സ്ഥാനനിർണ്ണയം നടത്തുന്നതിനുള്ള വർക്ക് ഷീറ്റ്<br>താരതമ്യ പഠനം<br>ഗ്ലോബ്<br>ചാർട്ടുകൾ | BRC<br>DIET<br>SCERT<br>PTA<br>SRG<br>** |
| 5. | സാമൂഹ്യശാസ്ത്ര ശാസ്ത്രജ്ഞരെ സൃഷ്ടിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ലാബ് | • അദ്ധ്യാപകരുടെ സഹായമില്ലാതെ സാമൂഹ്യശാസ്ത്രപഠനം നടത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ഒരു സാമൂഹ്യശാസ്ത്ര ലാബ്<br>• സാമൂഹ്യശാസ്ത്ര പഠനം രസകരവും വിജ്ഞാനപ്രദവും ആക്കാൻ | | | |

# സാമൂഹ്യശാസ്ത്രം

| Sl. No. | PROGRAMME | ACTIVITY | DURATION | MATERIALS | പിന്തുണ |
|---|---|---|---|---|---|
| | | <u>സാമൂഹ്യശാസ്ത്ര ലാബ്</u><br>അടച്ചുറപ്പുള്ള ക്ലാസ്സ്റൂം<br>• പ്രൊജക്ടർ, ഇ-ബോർഡ്, കമ്പ്യൂട്ടറും അനുബന്ധ സ്ഥാപനങ്ങളും<br><u>ലൈബ്രറി</u><br>• ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, പൗരധർമ്മം ഈ വിഷയങ്ങളിലേക്ക് വേണ്ട പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന അലമാരകൾ<br><u>ഗ്ലോബുകൾ</u><br><u>ഭൂപടങ്ങൾ</u><br>• ചരിത്രഭൂപടങ്ങൾ, സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യ<br>• ലോകം- രാഷ്ട്രീയഭൂപടം, ഭൗതികഭൂപടം, കാലാവസ്ഥാഭൂപടം<br>• ധരാതലീയ ഭൂപടങ്ങൾ, കടസ്ട്രൽ മാപ്പ്<br>• ലോകഭൂപടങ്ങൾ – രാഷ്ട്രീയം, ഭൗതികം, കാലാവസ്ഥ<br><u>ചാർട്ടുകൾ</u><br><u>ചിത്രങ്ങൾ</u><br><u>ജി.പി.എസ്.</u><br>സ്റ്റീരിയോ പെയർ, സ്റ്റീരിയോസ്കോപ്പ്<br>• വർക്കിംഗ് മോഡൽ - സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, ഭ്രമണം, പരിക്രമണം<br>സ്റ്റിൽ മോഡൽ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ –2017

**വിഷയം: ചരിത്രം**

അധ്യാപികയുടെ പേര് : ചിഞ്ചുലക്ഷ്മി എസ്.
ക്ലാസ്സ് : 11, 12
കുട്ടികളുടെ എണ്ണം :

## അക്കാദമിക് ലക്ഷ്യങ്ങൾ

1. മാനവരാശിയുടെ ഉത്ഭവം മുതൽ ശരിയായ ധാരണ രൂപപ്പെടുത്തുക.
2. മതേതരത്വം, ജനാധിപത്യം, നീതിന്യായം, പാരിസ്ഥിതികം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം.
3. പ്രശ്നപരിഹാരവും അന്വേഷണത്വരയും വിമർശനാത്മകചിന്തയും വളർത്തുക.
4. ആധുനിക സാങ്കേതിവിദ്യ ഉപയോഗിച്ചുള്ള പഠനരീതി.

| പ്രശ്നം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സിലബസ്സിനെ ആധാരമാക്കി ഇയർപ്ലാൻ, യൂണിറ്റ് പ്ലാൻ, ടീച്ചിംഗ് പ്ലാൻ ഇവ തയ്യാറാക്കുക | ഹ്രസ്വകാലം | ടീച്ചർ | പി.ടി.എ. |
| വിഷയത്തോടുള്ള താൽപര്യക്കുറവ് | ചാർട്ട്, പവർപോയന്റ് പ്രസന്റേഷൻ, വീഡിയോ പ്രദർശനം, ചരിത്ര ക്ലബ്ബ് രൂപീകരിക്കുക, ചരിത്ര പ്രദർശനം | | | |
| മൂല്യബോധത്തിന്റെ അഭാവം<br>സമകാലിക പ്രശ്നങ്ങളിലുള്ള അജ്ഞത | ക്ലാസ്സിൽ ദിവസവും പത്രം വായിപ്പിക്കുക. പ്രധാന വിഷയങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. | ദീർഘകാലം | | |
| യുക്തിപൂർവ്വമുള്ള ചിന്തയുടെ അഭാവം | മഹാന്മാരുടെ ജീവചരിത്രങ്ങൾ വായിപ്പിക്കുക. സാമൂഹ്യ വിരുദ്ധ ശക്തികളെക്കുറിച്ചുള്ള ബോധവൽക്കരണം<br>സെമിനാർ, ഗ്രൂപ്പ് തിരിച്ച് ഡിസ്കഷൻ, സ്ഥല സന്ദർശനം, ക്വിസ് പ്രോഗ്രാം നടത്തുക, സാമൂഹ്യ ശാസ്ത്ര വേളകളിൽ പങ്കെടുപ്പിക്കുക, മാഗസിനുകൾ തയ്യാറാക്കുക | ഹ്രസ്വകാലം | | |

# സോഷ്യോളജി

1. പ്രവർത്തനം: **പ്രോജക്ട് വർക്ക്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ബഹിഷ്കരണവും പിന്നോക്കവിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളും | എസ്.സി./എസ്.റ്റി., ഒ.ബി.സി. വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ ഫലപ്രാപ്തിയും കണ്ടെത്തുന്നതിന് കുട്ടികൾ അവരവരുടെ പഞ്ചായത്തിലും വാർഡിലും സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

2. പ്രവർത്തനം: **കയ്യെഴുത്ത് മാഗസിൻ**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| സാംസ്കാരിക വൈവിദ്ധ്യം | നാടോടിക്കഥകൾ, കവിതകൾ, ലേഖനങ്ങൾ, ദേശഭക്തിഗാനങ്ങൾ തുടങ്ങിയവ ശേഖരിച്ച് കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

3. പ്രവർത്തനം: **അഭിമുഖം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| വിപണിയുടെ സാമൂഹ്യഘടനയും ആഗോളവൽക്കരണവും | സാമ്പത്തിക - വ്യാവസായിക വിദഗ്ദ്ധരുമായി അഭിമുഖം നടത്തുക | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

4. പ്രവർത്തനം: **ചുവർപത്രം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശികവാദം | മുല്ലപ്പെരിയാർ, കാവേരി നദീജല തർക്കം സംബന്ധിച്ച് പത്രവാർത്തകൾ ശേഖരിച്ച് ചുവർപത്രം തയ്യാറാക്കുക | | | |

5. പ്രവർത്തനം: **ഫീൽഡ് വർക്ക്**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| സ്ത്രീകളും ഭിന്നശേഷിക്കാരും നേരിടുന്ന പ്രശ്നങ്ങൾ | അടുത്തുള്ള ബഡ്സ് സ്കൂൾ/ കുടുംബശ്രീ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങളും പ്രശ്നങ്ങളും നേരിട്ട് പഠിക്കുക | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | 3000/- |

6. പ്രവർത്തനം: **ചരിത്രരചന**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| ഗ്രാമീണ - സാമൂഹിക മാറ്റം | വിദ്യാർത്ഥികളിൽ അവരവരുടെ പ്രദേശത്തെ ചരിത്രസ്മാരകങ്ങളുടെയും സംഭവങ്ങളുടെയും കുറിപ്പ് തയ്യാറാക്കി ഫയൽ ചെയ്യുന്നു | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

7. പ്രവർത്തനം: **സംവാദം**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| വ്യാവസായിക വിപ്ലവവും പാരിസ്ഥിതിക പ്രശ്നങ്ങളും | അധിക വായനയിലൂടെ വിവരങ്ങൾ ശേഖരിച്ച് കുട്ടികൾ സംവാദത്തിൽ ഏർപ്പെടുന്നു. | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

8. പ്രവർത്തനം: **സർവേ**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| മത്സരം | സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് എന്നിവിടങ്ങളിലെ പ്രവേശനത്തിന് ജാതി - വർഗ്ഗ അടിസ്ഥാനത്തിൽ കുട്ടികൾ നേരിടേണ്ടിവരുന്ന മത്സരം കണ്ടെത്തുക | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

9. പ്രവർത്തനം: **സ്ലൈഡ് പ്രദർശനം/സെമിനാർ**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| പാരിസ്ഥിതിക ദുരന്തങ്ങൾ | സ്ലൈഡ് പ്രദർശനത്തിലൂടെ വിവരശേഖരണം | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

10. പ്രവർത്തനം: **പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനം | സമയം | ഉത്തരവാദിത്വം | സാമ്പത്തികം |
|---|---|---|---|---|
| നാഗരികക്രമം വ്യാവസായിക നഗങ്ങളും ചേരികളും | എറണാകുളം/തിരവനന്തപുരത്തേക്ക് പഠനയാത്ര | വർഷത്തിൽ ഒരിക്കൽ | ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ–2018

വിഷയം : രാഷ്ട്രതന്ത്രശാസ്ത്രം
അധ്യാപകന്റെ പേര് : ശ്രീരാജ്.എസ്സ്
ക്ലാസ്സ് : 11, 12
കുട്ടികളുടെ എണ്ണം

## അക്കാദമിക് ലക്ഷ്യങ്ങൾ

1. രാഷ്ട്രം, ഭരണഘടന എന്നിവയെക്കുറിച്ച് ശരിയായ അറിവ് രൂപപ്പെടുത്തുക.
2. വിവിധതരം രാഷ്ട്രീയ സിദ്ധാന്തങ്ങളെക്കുറിച്ചും അവയുടെ സമൂഹത്തിലെ സ്ഥാനം എന്നിവയെക്കുറിച്ചും കുട്ടികളിൽ ശരിയായ ധാരണ സൃഷ്ടിക്കൽ.
3. ഗവണ്മെന്റിന്റെ ഘടകങ്ങൾ അവയുടെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികളിൽ ധാരണ രൂപപ്പെടുത്തുക.
4. ഇന്ത്യൻ രാഷ്ട്രത്തിന്റെ രൂപീകരണം, ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വളർച്ച ഉയർച്ച ഇവയെപ്പറ്റി കുട്ടികളിൽ ആഴത്തിലുള്ള അറിവ് രൂപപ്പെടുത്തുക.
5. ലോകരാഷ്ട്രീയത്തിലെ ഗതിവിഗതികൾ, സമകാലിക ലോകരാഷ്ട്രീയം എന്നിവയെ കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുക.

| വിഷയം/ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭരണഘടനയുടെ രൂപീകരണം, പ്രവർത്തനം, ചുമതല എന്നിവ പരിചയപ്പെടുത്തൽ | ഭരണഘടനാ നിർമ്മാണസഭയുടെ രൂപീകരണം പരിചയപ്പെടുത്തുന്നതിനായി അതിലെ പ്രധാന അംഗങ്ങളുടെ ഫോട്ടോകൾ, ഭരണഘടനയുടെ ആമുഖം എന്നിവ ഉൾക്കൊള്ളുന്ന ഒരു പവർപോയിന്റ് പ്രസന്റേഷൻ | 2 മണിക്കൂർ | അധ്യാപകൻ | |
| രാഷ്ട്രത്തിന്റെ രൂപീകരണത്തിന് കാരണമായ ഘടകങ്ങൾ പരിചയപ്പെടുത്തുക | സെമിനാറുകൾ, ചർച്ചകൾ | 2 മണിക്കൂർ | അധ്യാപകൻ | |
| രാഷ്ട്രീയ സിദ്ധാന്തങ്ങൾ പരിചയപ്പെടുത്തൽ | മനുഷ്യാവകാശ ലംഘനം, സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരുടെ അവസ്ഥ, കോടതി നടപടികൾ ഇവയുടെ വീഡിയോ ക്ലിപ്പിംഗുകൾ കാണിക്കുക | 5 മണിക്കൂർ | അധ്യാപകർ | |
| ഇന്ത്യൻ രാഷ്ട്രത്തിന്റെ രൂപീകരണ സമയത്ത് ഉണ്ടായ പ്രശ്നങ്ങൾ പരിചയപ്പെടുത്തൽ | പവർ പോയന്റ് പ്രസന്റേഷനിലൂടെ ഫോട്ടോ എക്സിബിഷൻ | 2 മണിക്കൂർ | അധ്യാപകർ | |

| വിഷയം/ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇന്ത്യൻ രാഷ്ട്രീയ ത്തിലെ പ്രധാന സംഭ വങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക | സെമിനാർ, ഫോട്ടോപ്രദർശനം, വീഡിയോ ക്ലിപ്പിംഗുകൾ കാണി ക്കുക | 3 മണിക്കൂർ | അധ്യാപകൻ | |
| ലോകരാഷ്ട്രീയത്തിലെ പ്രധാന സംഭവവികാ സങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക | പവർ പോയന്റ്, വീഡിയോ ക്ലിപ്പു കൾ | 4 മണിക്കൂർ | അധ്യാപകൻ | |
| ആഗോളതലത്തിൽ പ്രവർത്തിക്കുന്ന വിവിധ അന്താരാഷ്ട്ര സംഘടനകളെ പരിച യപ്പെടുത്തുക | ചിത്രങ്ങൾ, വീഡിയോകൾ | 3 മണിക്കൂർ | അധ്യാപകർ | |
| പരിസ്ഥിതിയുടെ രാഷ്ട്രീയം പരിചയപ്പെ ടുത്തുക. പാരിസ്ഥി തിക പ്രശ്നങ്ങൾ പരി ചയപ്പെടുത്തുക | കാലാവസ്ഥാവ്യതിയാനം വരുത്തി വച്ച പ്രശ്നങ്ങളുടെ വീഡിയോ കൾ, ഫോട്ടോകൾ, ചർച്ചകൾ | 4 മണിക്കൂർ | അധ്യാപകർ | |
| വികസനകാര്യങ്ങളിൽ ഗ്രാമസഭകൾ, പഞ്ചാ യത്തുകൾ ഇവ യ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കുക | പഞ്ചായത്തിലെ ഗ്രാമസഭകളിൽ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് അവയുടെ പ്രവർത്തനം മനസ്സിലാ ക്കുക. | 1 ദിവസം | | |
| വികസനം സമൂഹ ത്തിനും പരിസ്ഥി തിക്കും വരുത്തിവച്ച പ്രശ്നങ്ങൾ കുട്ട കൾക്ക് ബോധ്യമാക്കി ക്കൊടുക്കുക | വികസനത്തിനായി കുടിയൊഴിപ്പി ക്കപ്പെട്ട ജനങ്ങളുമായുള്ള അഭി മുഖം, അത്തരം സ്ഥലങ്ങൾ സന്ദർശിക്കുക, അതിലൂടെ പരി സ്ഥിതിക്കുണ്ടായ പ്രശ്നങ്ങൾ കണ്ട് മനസ്സിലാക്കുക | 3 ദിവസം | അധ്യാപകർ | |

# കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്

**പ്രവർത്തനം 1**

പേര് : ഐ.ടി ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

**ലക്ഷ്യം**

ഇൻഫർമേഷൻ ടെക്നോളജിയുടെ പുതിയ കണ്ടെത്തലുകളും മറ്റും പരിചയപ്പെടൽ

**പ്രവർത്തനങ്ങൾ**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരു ചുവരിൽ വിവരസാങ്കേതികവിദ്യയുടെ നൂതനമായ കണ്ടെത്തലുകൾ വിശദമാക്കുന്ന വാർത്തകളും പത്രക്കുറിപ്പുകളും ചിത്രങ്ങളും പ്രദർശിപ്പിക്കൽ

**കാലം**

എല്ലാ പ്രവർത്തിദിവസങ്ങളിലും

**ചുമതല**

ഐ.റ്റി ക്ലബ്ബ്

**സാമ്പത്തിക വിശകലനം**

1000/- സ്പോൺസർ

**പ്രവർത്തനം 2**

പേര് : ഐ.ടി പോസ്റ്റർ മാസിക

മേഖല/ഉപമേഖല : അക്കാദമികം/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

**ലക്ഷ്യം:**

കുട്ടികളിൽ ഐ.ടി മേഖലയിലെ അറിവുകൾ പോസ്റ്റർ മാസികയിലൂടെ പരിയപ്പെടുത്തൽ.

**പ്രവർത്തനങ്ങൾ**

ഓരോ മാസാവസാനത്തിലും ഐടി ബുള്ളറ്റിൻ ബോർഡിലെ പത്രക്കുറിപ്പുകളും ചിത്രങ്ങളും ശേഖരിച്ചുകൊണ്ട് ഭാവിയിൽ പ്രയോജനപ്പെടുത്താൻ തക്കവണ്ണം അവ ഉപയോഗിച്ചുകൊണ്ട് ഐ.ടി പോസ്റ്റർ മാസികകൾ പ്രസിദ്ധികരിക്കുക.

**കാലം**

ഓരോ മാസത്തിലേയും അവസാന ദിവസങ്ങളിൽ

**ചുമതല**

ഐ.ടി ക്ലബ്ബ്

**സാമ്പത്തിക വിശകലനം**

**പ്രവർത്തനം 3**

പേര് : വിവര സാങ്കേതിക വിദ്യാപരിശീലനം

മേഖല/ഉപമേഖല : അക്കാദമികം/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

**ലക്ഷ്യം:**

എല്ലാകുട്ടികളിലും വിവരസാങ്കേതിക വിദ്യ (ഇ-മെയിൽ ഐ.ഡി ഉപയോഗം ഉറപ്പുവരുത്തൽ)

**പ്രവർത്തനങ്ങൾ**

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഇ-മെയിൽ ഐ.ഡി ഉണ്ടാക്കുക. ഇ-മെയിൽ അയയ്ക്കാനും ഓൺലൈൻ ആപ്ലിക്കേഷൻ അയയ്ക്കാനും കുട്ടികളെ പരിശീലനത്തിലൂടെ പ്രാപ്തരാക്കുക.

**കാലം**

നിരന്തരം

**ചുമതല**

തെരഞ്ഞെടുക്കപ്പെട്ട കുട്ടികളും അധ്യാപകരും

**സാമ്പത്തിക വിശകലനം**

# പ്രവർത്തനങ്ങൾ

അത്‌ലറ്റിക്സ് ഫുട്ബോൾ, വോളിബോൾ എന്നീ ഇനങ്ങളിൽ കുട്ടികൾക്ക് തുടർച്ചയായി പരിശീലനം നൽകുന്നു. കേരള ബ്ലാസ്റ്റേഴ്സിന്റെ ഫുട്ബോൾ കോച്ചിംഗ് സെന്റർ അനുവദിക്കുകയും അത് ആരംഭിക്കുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ചെസ്സ് , ക്യാരംസ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി ഒരു റിക്രിയേഷൻ ഹാൾ സ്കൂളിൽ പ്രവർത്തിക്കുന്നു.

## നേട്ടങ്ങൾ

സബ് ജില്ലാ കായികമേളയിൽ തുടർച്ചയായി 9-ാം തവണയും ഓവറാൾ ചാമ്പ്യൻഷിപ്പ് തുടർന്ന് വിജയികളായ കുട്ടികൾ ജില്ലാ-സംസ്ഥാന കായിക മേളകളിൽ മത്സരിക്കുന്നു. 2008-2009 -2010 കാലയളവുകളിൽ സംസ്ഥാനത്ത് മത്സരങ്ങളിൽ സ്വർണ്ണം, വെള്ളി മെഡലുകൾ, ഫുട്ബോൾ ടീമിൽ അംഗങ്ങളായ കുട്ടികൾ ജില്ലാ , സ്റ്റേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുന്നു.

## ആവശ്യങ്ങൾ

1. മൾട്ടി ജിംനേഷ്യം
2. വോളിബോൾ കോർട്ടിന്റെ നിർമ്മാണം.
3. ഫുട്ബോൾ കോർട്ട് മണ്ണ് ഇട്ട് ഉയർത്തിയുള്ള നവീകരണം.
4. അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ക്യാരംസ്, ചെസ്സ് തുടങ്ങിയവയുടെ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

വിദ്യാഭ്യാസ സംരക്ഷണയജ്ഞം അക്ഷരാർത്ഥത്തിൽ വിജയിക്കണമെങ്കിൽ ഭൗതിക സാഹചര്യം മെച്ചപ്പെട്ടതായിരിക്കണം. സുന്ദരവും സുരക്ഷിതവുമായിരിക്കണം. ആരോഗ്യ പരവും ശുചിത്വപൂർണ്ണവുമായരിക്കണം. നിലവിലുള്ളവയുടെ പുനരുപയോഗം, പുനരാവി ഷ്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

## ഹൈടെക്

**1. അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് ക്ലാസ്സ്റൂമുകൾ സജ്ജമാക്കൽ**

2018 ജൂണിന് മുമ്പ് 12 ക്ലാസ്സ്റൂമുകൾ
2019 മാർച്ചിന് മുമ്പ് 12 ക്ലാസ്സ്റൂമുകൾ ആകെ: 24 എണ്ണം

**ചുമതല:** സ്കൂൾ മാനേജ്മെന്റ് (നിർമ്മാണം) രൂപ: 48,00,000/-
കൈറ്റ്സ് (ഇലക്ട്രോണിക് ഉപകരണങ്ങൾ) 24,00,000/-

**സഹായം:** പൂർവ്വവിദ്യാർത്ഥികൾ, അധ്യാപകർ, വ്യക്തികൾ- ഇവർക്ക് ഹൈടെക് ക്ലാസ്സ് റൂമിന്റെ നിർമ്മാണച്ചെലവ് ഏറ്റെടുക്കാവുന്നതാണ്.

**2. ഡിജിറ്റൽ കോൺഫറൻസ്/സെമിനാർ ഹാളുകൾ**

മൾട്ടിമീഡിയ സൗകര്യങ്ങളുള്ള 2 മിനി സെമിനാർ ഹാളുകൾ സജ്ജമാക്കൽ (എച്ച്.എ സ്. & എച്ച്.എസ്.എസ്- 2019 മാർച്ചിന് മുമ്പ് പൂർത്തിയാക്കുക)

**ചുമതല:** നിർമ്മാണം: സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ രൂപ: 6,00,000/-
കൈറ്റ്സ് (ഇലക്ട്രോണിക് ഉപകരണങ്ങൾ) 24,00,000/-

**സഹായം:** പൂർവ്വവിദ്യാർത്ഥി സംഘടനയുടെ സഹായം സ്വീകരിക്കാവുന്നതാണ്.

**3. പൊതു ശൗചാലയങ്ങൾ**

ആൺകുട്ടികൾക്കും പ്രത്യേകം 12 വീതം ശൗചാലയങ്ങൾ, കുളിമുറികൾ

**ചുമതല:** നിർമ്മാണം: സ്കൂൾ മാനേജ്മെന്റ്

**സഹായം:** സഹായത്തിനായി രാജ്യസഭാ എം.പി., പ്രദേശത്തെ എം.എൽ.എ. എന്നി വർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

പ്രതീക്ഷിക്കുന്ന ചെലവ് രൂപ: 32,55,603/-

സംസ്ഥാന സർക്കാരിനും അപേക്ഷ നൽകിയിട്ടുണ്ട്.

**4. മാലിന്യ സംസ്കരണം**

നിലവിൽ ലഭ്യമായിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ല. (വെക്കേഷൻ കാല യളവിൽ പ്രവർത്തിക്കില്ല) പകരം പ്രതിദിനം 100 കി.ഗ്രാം. ഖരമാലിന്യം സംസ്കരിക്കു വാൻ കഴിയുന്ന ഇൻസിനറേറ്റർ സ്ഥാപിക്കണം.

ഏകദേശ ചെലവ് രൂപ: 6,00,000/-

**സഹായം:** ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്, എം.എൽ.എ. ഫണ്ട്, ശുചിത്വ മിഷൻ

**5. ലൈബ്രറി ശാക്തീകരണം (നിലവിലെ ലൈബ്രറി)**

സ്ഥലപരിമിതികാരണം കുട്ടികൾക്ക് ഇരുന്ന് വായിക്കുവാൻ കഴിയുന്നില്ല. പുതിയ അക്കാ ദമിക് ബ്ലോക്ക് നിർമ്മാണം നടന്നാൽ മാത്രമേ അധികസ്ഥലം ലഭ്യമാകൂ. ക്ലാസ്സ്റൂം ലൈബ്രറികൾ ശക്തിപ്പെടുത്തൽ, ഇ-ബുക്ക് വായന, ഇ-റീഡേഴ്സിന്റെ ഉപയോഗം എന്നി

വവഴി ഇപ്പോഴത്തെ അപര്യാപ്തത മറികടക്കാവുന്നതാണ്. ഇ-റീഡേഴ്സിനായി സ്പോൺസേഴ്സിന്റെ സഹായം തേടാവുന്നതാണ്.
ഇ-റീഡേഴ്സ് - പ്രതീക്ഷിക്കുന്ന ചെലവ്: 12000 X 20 = രൂപ: 2,40,000/-
ഇ-റീഡേഴ്സിന്റെ ഉപയോഗംവഴി അന്തർദേശീയ ആനുകാലികങ്ങൾ, വർത്തമാനപത്ര ങ്ങൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കാം.

**6. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ്**

നിലവിൽ വാർഷിക വൈദ്യുത ചാർജ്ജ് ഏകദേശം 72,000 രൂപയാണ്. ഇത് മാനേ ജ്മെന്റ് വഹിച്ചുവരുന്നു. എന്നാൽ കൂടുതൽ ഹൈടെക് ക്ലാസ്സ്റൂമുകൾ, മൾട്ടിമീഡിയ ഹാളുകൾ എന്നിവ വരുന്നതോടെ കൂടുതൽ വൈദ്യുതി ഉപയോഗം പ്രതീക്ഷിക്കാം.

ഇതിലേക്ക് സംസ്ഥാന സർക്കാർ സബ്സിഡിയോടെ അനർട്ട് വഴി 5 കി.വാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കേണ്ടതുണ്ട്. അധികമായി ഉൽപ്പാദിപ്പി ക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നൽകാവുന്നതാണ്.

ഏകദേശ ചെലവ്: രൂപ: 8,00,000/-

ആവർത്തനച്ചെലവുകൾ ഇല്ല. എം.എൽ.എ./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നി വർക്ക് സഹായിക്കാവുന്നതാണ്.

**7. ഐ.റ്റി. ലാബ് ആധുനികവൽക്കരണം**

നിലവിൽ എച്ച്.എസ്.ലും എച്ച്.എസ്.എസ്.ലും ഓരോ ലാബുകൾവീതം ഉണ്ട്. എച്ച്.എ സ്.ലെ ലാബിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. അധിക സ്റ്റോറേജ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റാണ് ഈ ചെലവുകൾ വഹിച്ചത്.
ഏകദേശ ചെലവ്: രൂപ: 1,00,000/-
(ആധുനികവൽക്കരിക്കുന്നതിലേക്കായി)

ആവശ്യമായിവരുന്ന ലാപ്ടോപ്പ്, എൽ.സി.ഡി പ്രൊജക്ടർ തുടങ്ങിയ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, കൈറ്റ്സ് മുഖേന നൽകുന്നു.

**8. നിതാന്ത ജാഗ്രത (24 മണിക്കൂർ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ)**

45 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.
ചെലവ്: രൂപ: 6,50,000/-
തുക ചെലവഴിച്ചത്: സ്കൂൾ മാനേജ്മെന്റ്

ഇനി വലിയ മോണിറ്റേഴ്സ് ആവശ്യമാണ്. 4 മോണിറ്ററുകൾക്ക് 20,000/- രൂപ വീതം ആകെ 80,000/- രൂപ വേണ്ടിവരും. അധിക ഇലക്ട്രിക്കൽ വയറിംഗ്, എ.എം.സി., എന്നി വയ്ക്കായ് 40,000/- രൂപയും ആവശ്യമാണ്. പി.റ്റി.എ., സ്കൂൾ പി.ഡി. അക്കൗണ്ട് എന്നിവയുടെ സഹായം തേടാവുന്നതാണ്.

**9. പുതിയ നിർമ്മാണപ്രവർത്തനങ്ങൾ**

എ) **അക്കാദമിക് ബ്ലോക്ക്:** കാലപ്പഴക്കം ചെന്ന രണ്ട് കെട്ടിടങ്ങളുടെ സ്ഥാനത്ത് ഒരു പുതിയ മൂന്നുനില അക്കാദമിക് ബുക്കിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാ റാക്കി ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

അടങ്കൽതുക രൂപ: 3,11,24,390/-

അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു.

ബ) **ലബോറട്ടറി ബ്ലോക്ക്:** സ്കൂൾ കോമ്പൗണ്ടിന്റെ വടക്ക് കിഴക്ക്, മൂന്ന് നിലകളി ലുള്ള ഒരു ലബോറട്ടറി ബ്ലോക്കിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി

സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഗണിതം എന്നീ ലബോറട്ടറിക്കുപുറമെ ഒരു ചരിത്ര മ്യൂസിയം കൂടി ഈ ബ്ലോക്കിൽ സ്ഥാപിക്കുവാൻ കഴിയും.

അടങ്കൽതുക രൂപ: 89,61,270.89

സി) **ലൈബ്രറി ബ്ലോക്ക്:** സ്കൂളിലെ അധ്യാപകരുടെ വിശ്രമമുറിയും ഇൻഡോർ ഗെയിംസ് ഹാളും പ്രവർത്തിക്കുന്ന കാലപ്പഴക്കംചെന്ന കെട്ടിടത്തിന്റെ സ്ഥാനത്ത് മൂന്നുനിലകളുള്ള ഒരു ലൈബ്രറി കോംപ്ലക്സിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

അടങ്കൽതുക രൂപ: 58,98,011.40

ഇതിൽ ലൈബ്രറി, റീഡിംഗ് റൂം, കോൺഫറൻസ് ഹാൾ എന്നിവ പ്രവർത്തിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

**10. പേരന്റ് അലർട്ട് സിസ്റ്റം:**

വിദ്യാർത്ഥിളുടെ ഹാജർ, അക്കാദമിക് പ്രിഫറൻസ്, പ്രോഗ്രസ് റിപ്പോർട്ട്, നോട്ടിഫിക്കേഷൻ എന്നിവ രക്ഷിതാക്കളെ തൽസമയം അറിയിക്കുവാൻ ലക്ഷ്യമിട്ട് സംസ്ഥാന ഐ.റ്റി മിഷന്റെ സഹകരണത്തോടെ സ്കൂൾ മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനം തുടരുന്നു. ക്ലാസ്സ് ടീച്ചർമാർക്കാണ് ചുമതല. ആദ്യം വേണ്ടിവന്ന 50,000 രൂപ സ്കൂൾ മാനേജ്മെന്റ് ചെലവാക്കി. വാർഷികച്ചെലവ് ഏകദേശം 20,000 രൂപവീതം പി.ടി.എ. സ്കൂൾ മാനേജ്മെന്റ് എന്നിവർക്ക് തുല്യമായി ചെലവ് വഹിക്കാവുന്നതാണ്.

**11. സ്കൂൾ വെബ്സൈറ്റ്:**

സാധാരണയിൽനിന്നും വ്യത്യസ്തമായി edu എന്ന ഡൊമെയ്നിലാണ് സ്കൂൾ വെബ്സൈറ്റ് (www.rvsm.edu.in). സ്കൂൾ മാനേജ്മെന്റാണ് ചെലവ് വഹിച്ചത്. മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ആദ്യചെലവ് രൂപ: 30,000/-

ആവർത്തനച്ചെലവ് ഏകദേശം രൂപ: 10,000/-

ചെലവ് വഹിക്കുന്നത്: എച്ച്.എസ്.എസ്., എച്ച്.എസ്., എൽ.പി. വിഭാഗങ്ങൾക്ക്. പ്രത്യേകം മെനു ലഭ്യമാണ്.

12. **കായികരംഗം:**

നിലവിൽ മികച്ച സ്കൂൾ ഗ്രൗണ്ട് ലഭ്യമാണ്. സെവൻസ് ഫുട്ബോൾ കളിക്കുള്ള വിസ്തീർണ്ണം മാത്രമേ ഇപ്പോഴുള്ളൂ. വിസ്തീർണ്ണം വർദ്ധിപ്പിക്കാനുള്ള സാധ്യതയില്ല. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാവേലികൾ സ്ഥാപിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഇതിലേക്കായി 70,000/- രൂപ ചെലവാക്കിയിട്ടുണ്ട്. 2016-17ൽ ഡിപ്പാർട്ട്മെന്റ് ഓഫ് സ്പോർട്സ് & യൂത്ത് അഫയേഴ്സിൽനിന്നും 25000/- രൂപ സഹായം ലഭിച്ചു. ഇതുപോയഗിച്ച് ഫുട്ബാൾ, അത്ലെറ്റിക്സ്, ഇൻഡോർ ഗെയിംസ് ഉപകരണങ്ങൾ വാങ്ങി. ഇൻഡോർ ഗെയിംസ് ഹാൾ സജ്ജമാക്കിയിട്ടുണ്ട്. 2017-18ൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി., കേരള ഫുട്ബോൾ അസ്സോസിയേഷൻ, സ്കോർലൈൻ സ്പോർട്സ് മാനേജ്മെന്റ് ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടെ 3 വർഷം നീണ്ടുനിൽക്കുന്ന ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് 2018 ഏപ്രിൽ 1 മുതൽ പ്രവർത്തനം ആരംഭിക്കുന്നു. മികച്ച അത്ലറ്റിക് നേട്ടങ്ങൾകൈവരിച്ചിട്ടുണ്ട്. വോളീബോൾ കളികൾ ആരംഭിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിലിനോട് പുതിയ ബാഡ്മിന്റൺ/ടെന്നിസ് എന്നിവയ്ക്കാവശ്യമായ പുതിയ കോർട്ട് നിർമ്മാണത്തിനായി അപേക്ഷ നൽകുന്നുണ്ട്.

13. **പാഠ്യേതര പ്രവർത്തനങ്ങൾ**

എ) **സ്കൂൾ ബാന്റ് ട്രൂപ്പ്:** രണ്ടര ലക്ഷം രൂപ ചെലവിട്ട് മാനേജ്മെന്റ് പുതിയ ബാന്റ് വാദ്യോപകരണങ്ങൾ വാങ്ങി. മികച്ച അധ്യാപകന്റെ സേവനം ലഭ്യമാണ്. 6, 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നു. അധ്യാപകനുള്ള ആദ്യ ചെലവുകളും മാനേജ്മെന്റ് ഏറ്റെടുത്തു. വിദ്യാർത്ഥികളിൽനിന്നും ഫീസ് വാങ്ങി പ്രവർത്തനം തുടരാവുന്നതാണ്. ഉപകരണങ്ങൾ സൂക്ഷിക്കാനായി 40,000/-രൂപ ചെലവാക്കി ഓവർഹെഡ് സ്റ്റോറേജ് സിസ്റ്റം തയ്യാറാക്കിയിട്ടുണ്ട്.

ബി) **രചന-ശില്പശാല:** 2017 മെയ്മാസത്തിൽ സപ്തദിന ശില്പശാല 'ഒഴിവുകാലം' എന്നപേരിൽ നടത്തി. എൺപതിൽപ്പരം ഫാക്വൽറ്റി അംഗങ്ങൾ, ഏകദേശചെലവ് 1.5 ലക്ഷം രൂപ. 25,000/- രൂപ പി.ടി.എ., അധ്യാപകർ, വ്യക്തികൾ എന്നിവരുടെ സംഭാവനവഴി സ്വരൂപിച്ചു. 2018ലെ അവധിക്കാലത്തും തുടരാൻ ലക്ഷ്യമിടുന്നു. ഒന്നരലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

സി) **സ്കൂൾ മാഗസിൻ:** 'ജ്യോതിസ്' എന്നപേരിൽ മാഗസിൻ പ്രസിദ്ധപ്പെടുത്തി. 90,000/- രൂപ ചെലവ്. അധ്യാപകർ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ രിൽനിന്നും ഫണ്ട് സ്വരൂപിച്ചു. തുടർന്നുള്ള വർഷങ്ങളിലും പ്രസിദ്ധപ്പെടുത്തു ന്നു. ഏകദേശച്ചെലവ് 1 ലക്ഷം രൂപ.

14. **നിലവിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ:** നിലവിലെ ലാബ് സൗകര്യ ങ്ങൾ തീർത്തും അപര്യാപ്തമാണ്. ടിൻഷീറ്റ് മേഞ്ഞ ഷെഡ്ഡിലാണ് ഇപ്പോൾ പ്രവർത്തി ക്കുന്നത്. അത്യാവശ്യമായി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം, പുതിയ മുറികളിലേക്ക് മാറ്റി സ്ഥാപിക്കണം. ഏകദേശച്ചെലവ്: (ഫർണിച്ചർ, ഉപകരണങ്ങൾ, റിഏജന്റ്സ്, ചാർട്ടുകൾ, കെമിക്കലുകൾ എന്നിവയ്ക്ക് നാല് ലാബുകൾക്കുമായി) 10,00,000/-രൂപ ആവശ്യമായിവരും. സ്കൂൾ മാനേജ്മെന്റ് 2018 ഏപ്രിൽ, മേയ് മാസങ്ങളിൽ നിർമ്മാണം പൂർത്തിയാക്കുന്നു.

15. **ആധുനിക പാചകപ്പുരയും ഭോജനശാലയും:** കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കു ന്നതിനായി ഒരു ക്ലോസ്ഡ് ഡൈനിംഗ് ഹാളും വൃത്തിയായ അന്തരീക്ഷത്തിൽ ഭക്ഷണം പാകം ചെയ്യാനായി ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുരയും തയ്യാറാക്ക ണം. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കുറഞ്ഞത് 5,00,000/- രൂപ വേണ്ടിവരും. പി.ടി.എ., വ്യക്തികൾ, അധ്യാപകർ എന്നിവരിൽനിന്നും ഇതിലേക്കാവ ശ്യമായ തുക കണ്ടെത്താവുന്നതാണ്. എം.പി./എം.എൽ.എ. ഫണ്ടിനും ശ്രമിക്കാവുന്ന താണ്.

16. **കുടിവെള്ള ശുദ്ധീകരണ പ്ലാന്റ്:** നിലവിലുള്ള കിണർ വൃത്തിയാക്കൽ, വാർട്ടർ ഫിൽറ്ററിംഗ് പ്ലാന്റ് സ്ഥാപിക്കൽ, ഓരോക്ലാസ്സിലും കുടിവെള്ളമെത്തിക്കൽ എന്നിവയ്ക്കായി ഏകദേശം 1.5 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ വിവിധഗ്രൂപ്പു കൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അവരിൽനിന്നും ആവശ്യമായ തുക കണ്ടെത്താവു ന്നതാണ്.

17. **സ്കൂൾ ബസ്:** നിലവിൽ ഹൈസ്കൂൾ വിഭാഗത്തിലേക്കായി രണ്ട് ബസ്സുകൾ ലഭ്യ മാണ്. ഇതിലേക്ക് ആവർത്തനച്ചെലവായി ഏകദേശം 7 ലക്ഷം രൂപ ആവശ്യമാണ്. കൂടാതെ വാർഷിക അറ്റകുറ്റപ്പണികൾ, ടാക്സ്, ഇൻഷുറൻസ് എന്നിവയ്ക്കായി വർഷ ത്തിൽ 4 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ഇതിലേക്കാവശ്യമായ തുക അധ്യാപകർ, വിദ്യാർത്ഥികൾ, മാനേജ്മെന്റ് എന്നിവർ സംയുക്തമായി കണ്ടെത്തുന്നു.

18. **ബയോഡൈവേഴ്സിറ്റി പാർക്ക്:** നിലവിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ബയോഡൈ വേഴ്സിറ്റി പാർക്ക് സ്ഥാപിക്കാവുന്നതാണ്. ഇതിലേക്കാവശ്യമായ സഹായം സംസ്ഥാന

വനംവകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽനിന്നും ലഭ്യമാണ്. ആവർത്തനച്ചെലവുകൾ പി.ടി.എ.യ്ക്ക് വഹിക്കാവുന്നതാണ്.

19. എൻ.സി.സി., സ്കൗട്ട്, എസ്.പി.സി., ജെ.ആർ.സി., ഗാന്ധിദർശൻ തുടങ്ങിയ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമായി നടത്തിവരുന്നു. അധികച്ചെലവ് വരുന്നില്ല.

20. **പുതിയ ക്ലബ്ബുകൾ രൂപീകരിക്കൽ:** സാഹിത്യസമാജം, ഫിലിം ക്ലബ്ബ് എന്നിവയിലേക്ക് വേണ്ടിവരുന്ന ചെലവുകൾ വിദ്യാർത്ഥികളിൽനിന്നും പി.ടി.എ.യിൽനിന്നും കണ്ടെത്താവുന്നതാണ്. നാമമാത്രമായ ചെലവുമാത്രമേ വരികയുള്ളൂ.

21. **അടൽ ടിങ്കറിംഗ് ലാബ്:** നിലവിലുള്ള ലാബുകൾ ശക്തിപ്പെടുത്തുകയും കുട്ടികളിൽ ശക്തമായ ശാസ്ത്രാഭിമുഖ്യം വളർത്തിയെടുക്കുകയും അധ്യാപകർ പൂർണ്ണമായും സജ്ജരാവുകയും ചെയ്തശേഷം മാത്രമേ അടൽ ടിങ്കറിംഗ് ലാബിന് നമ്മുടെ സ്കൂൾ തയ്യാറാകൂ. ഇതിലേക്ക് അന്ന് ആവശ്യമായി വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ സ്കൂൾ മാനേജ്മെന്റും അനുബന്ധ ഉപകരണങ്ങളുടെ ചെലവുകൾ കേന്ദ്രസർക്കാരും വഹിക്കും.

22. **സ്കൂൾ ഓഫീസ് നവീകരിക്കുക:** നിലവിൽ മോശപ്പെട്ട നിലയിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. സ്ഥലസൗകര്യം കൂടുതൽ വേണ്ടിവരുന്നു. പഴയ റിക്കോർഡുകൾ മുഴുവൻ ഡിജിറ്റലൈസ് ചെയ്യുകയോ നഷ്ടപ്പെടാതെ സൂക്ഷിക്കുകയോ വേണ്ടിവരും. കൂടാതെ പുതിയ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ഫോട്ടോസ്റ്റാറ്റ്/സ്കാനർ എന്നിവയും വേണ്ടിവരും. ഓഫീസ് ആവശ്യങ്ങൾക്ക് വേണ്ടുന്ന സോഫ്റ്റ്‌വെയറുകൾ നിലവിൽ കുറെയൊക്കെ സൗജന്യമായി ലഭ്യമാണ്. പുതിയ സ്റ്റോറേജ് സൗകര്യങ്ങൾക്കായി കുറഞ്ഞത് 2 ലക്ഷം രൂപ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കായി 2 ലക്ഷം രൂപയും ആവശ്യമാണ്. എം.എൽ.എ. ഫണ്ട് ലഭ്യമാക്കുവാൻ ശ്രമിക്കാവുന്നതാണ്. എസ്.എസ്.എ., പി.ഡി. അക്കൗണ്ട് എന്നിവയിലെ ഫണ്ടുകൾ ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

23. **വിദ്യാർത്ഥിനികളുടെ വ്യക്തിശുചിത്വം:** സാനിട്ടറി പാഡ്, ഡിസ്പെൻസേഴ്സ്, സാനിട്ടറി പാഡ് ഡിസ്പോസൽ ഇൻസിനറേറ്റേഴ്സ് എന്നിവയുടെ നിമ്മാണം എൻ.ജി.ഒയുടെയും തദ്ദേശവാസികളുടെയും സഹായത്തോടെ നടപ്പാക്കാവുന്നതാണ്.

24. **മഴക്കുഴി-മഴവെള്ള സംഭരണി നിർമ്മിക്കൽ:** സ്ഥലപരിമിതിയുണ്ട്. യൂണിറ്റ് അംഗങ്ങളുടെ ചുമതലയിൽ ചെലവ് കണ്ടെത്താവുന്നതാണ്

25. **പാഴ്‌വസ്തുക്കൾകൊണ്ടുള്ള ഹാംഗിംഗ് ഗാർഡൻ:** യൂണിറ്റ് അംഗങ്ങളുടെ ചുമതലയിൽ. അധികച്ചെലവില്ല.

26. **വിദ്യാലയഭിത്തി അകവും പുറവും പഠനമൂല്യമുള്ളതരത്തിൽ ആകർഷകമാക്കൽ:** മാനേജ്മെന്റ്

27. **പ്രവേശനകവാടത്തിൽ സന്ദർശക രജിസ്റ്റർ നടപ്പിലാക്കുക:** ചെലവില്ല.

28. **സ്കൂൾ അസംബ്ലി വിശാലമായി നടത്തുവാനുള്ള സൗകര്യമൊരുക്കൽ:** സ്ഥലപരിമിതി, ചെലവില്ല.

29. **കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ:** സ്ഥലപരിമിതി, ഗ്രാമപഞ്ചായത്തിൽനിന്നുള്ള സഹായം.

30. **ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ട സൗകര്യമൊരുക്കൽ:** ആർ.എം.എസ്.എ.യുടെ സഹായം

## പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാലയത്തെ അറിവിന്റെ കേന്ദ്രങ്ങളാക്കണമെങ്കിൽ നിരവധി മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ഒരുദിവസംകൊണ്ട് തീരുമാനിക്കാനും ഉറപ്പിക്കാനും കഴിയാത്തതുകൊണ്ട് കൂട്ടായ പ്രവർത്തനം ആവശ്യമാണ്. സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ പദ്ധതിക്ക് സംസ്ഥാനതലം മുതൽ പൂർവ്വ വിദ്യാർത്ഥികൾവരെയുള്ളവരുടെ കൂട്ടായ്മ വേണം. അധികാരവികേന്ദ്രീകരണം എന്നതുപോലെ ഈ യജ്ഞം നടപ്പിലാക്കാൻ സംസ്ഥനത്ത് ഏതാണ്ട് ഒമ്പതോളം സമിതികളുടെയും സംഘടനകളുടെയും കഠിനാദ്ധ്വാനംകൊണ്ടു മാത്രം സാധിക്കുന്ന ഒന്നാണ് ഈ പ്രവർത്തനം. പ്രാദേശികമായി പദ്ധതിരൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണതല വിദ്യാഭ്യാസ സമിതിക്ക് ഏറെ പ്രവർത്തിക്കാനുണ്ട്. വിദ്യാലയത്തിൽ ലഭ്യമാക്കാൻ കഴിയുന്ന എല്ലാ സാധ്യതകളും കുട്ടികളിൽ എത്തിക്കുവാൻ ഈ സമിതിക്ക് കഴിയും. വിദ്യാലയത്തിന്റെ വികസന പദ്ധതിക്ക് രൂപം നൽകി അതിന് ആവശ്യമായ വിഭവം എത്തിച്ചുകൊടുക്കുന്നത് ഈ സമിതിയാണ്.

വിദ്യാലയ വികസന സമിതി, അധ്യാപക രക്ഷാകർത്തൃസമിതി, സ്കൂൾ മാനേജ്മെന്റ് സമിതി, പൂർവ്വ അധ്യാപക, പൂർവ്വ വിദ്യാർത്ഥി സംഘടന തുടങ്ങിയവരുടെ ആഭിമുഖ്യത്തിൽ ഒരു കമ്മിറ്റി വിളിച്ചുകൂട്ടുകയും വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യവും കുട്ടിക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നതിനും പാകത്തിലായിരിക്കണം അക്കാദമിക പ്ലാൻ എന്ന് അവർ അഭിപ്രായപ്പെടുകയും ചെയ്തു. കൂടാതെ എല്ലാത്തരത്തിലുള്ള കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗിന് കുട്ടികളെ പ്രാപ്തമാക്കുന്ന തരത്തിലുള്ള ഒരു വിദ്യാലയം സജ്ജമാക്കുന്നതിനുള്ള ചർച്ച നടത്തി. അതിനുവേണ്ടി ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സംഘടനകളും ഒരുമിച്ച് പ്രവർത്തിച്ച് നമ്മുടെ സ്കൂൾ മികവിന്റെ ഉറവിടമാക്കണമെന്ന് തീരുമാനമെടുത്തു.

## പദ്ധതി പ്രക്രിയ രൂപീകരണത്തിലെ സമിതികൾ

- സംസ്ഥാനതല സമിതി
- ജില്ലാ വിദ്യാഭ്യാസ സമിതി
- നിയോജകമണ്ഡലത്തിലെ സമിതി
- തദ്ദേശസ്വയംഭരണതല സമിതി
- വിദ്യാലയ വികസന സമിതി
- അധ്യാപക-രക്ഷകർത്തൃസമിതി
- സ്കൂൾ മാനേജ്മെന്റ്
- പൂർവ്വ വിദ്യാർത്ഥി സംഘടന
- കർമ്മ സമിതികൾ

## വിദ്യാലയ വികസന സമിതി

കഴിഞ്ഞ ജനുവരിയിൽ വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമായി ആരംഭിച്ചത് നവംബർ മുതലാണ്. വിദ്യാലയവികസന സമിതി കൂടിയും അധ്യാപക-രക്ഷകർത്തൃസമിതിയും പൂർവ്വ വിദ്യാർത്ഥി സംഘടനകളും ഘട്ടംഘട്ട മായി കൂടിച്ചേർന്ന് വിദ്യാലയ വികസനത്തിന് ആവേശത്തോടെയുള്ള പ്രവർത്തനം തുടങ്ങി.

06-02-2016 ൽ പി.ടി.എ അടക്കമുള്ള പ്രതിനിധികളെല്ലാം ഉൾപ്പെടുന്ന യോഗത്തിൽ കരട് രേഖ പ്രദർശിപ്പിക്കുകയും 12-02-2016ൽ പൊതുജന സമക്ഷം അവതരിപ്പിച്ച് സമർപ്പണം നടത്തുകയും ചെയ്തു.